160

# ലിറ്റിൽ മാസിക

ഡിസംബർ 2015



## Copy Heart

*Copying is an act of love.*
*Please copy and share it*

> **"മഹത്തായ കാര്യങ്ങൾ ചെയ്യാൻ നമ്മളിൽ പലർക്കും കഴിയുകയില്ല.**
> **പക്ഷേ, ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാൻ നമുക്കെല്ലാം കഴിയും."**
>
> **- മദർതെരേസ**


**പകർപ്പിഷ്ടം**

*ഇഷ്ടപ്പെടുന്നവരാണ് പകർത്തുന്നത്. ഇഷ്ടത്തിന് നിയമമില്ല.പകർത്തുക പങ്കുവെക്കുക. അതിനാൽ ലിറ്റിൽ മാസികയുടെ ഉള്ളടക്കം നിർലോഭം എടുത്തുപയോഗിച്ചോളു..*



**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

**160**

**Copy Heart**

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
എ-വൺ ഓഫ്സെറ്റ്
രാമനാട്ടുകര

കവർ പെയിന്റിംഗ്
**ഡോ: റ്റി.റഹ്മാൻ**


പ്രകാശം പരത്തുന്നവർ

# സ്വന്തം ജീവൻ പണയം വെച്ച് സഹയാത്രികനു രക്ഷകനായ ഒരാൾ....

റെയിൽവെ സ്റ്റേഷനിൽ ട്രെയിൻ കയറുന്നതിനിടെ പാളത്തിനും പ്ലാറ്റ്ഫോമിനും ഇടയിലേക്ക് വീണ യാത്രക്കാരനെ ട്രെയിനിന് അടിയിൽ കുടുങ്ങാതെ സിആർപിഎഫ് ജവാൻ സാഹസികമായി രക്ഷപ്പെടുത്തിയ സംഭവം കുറച്ച് മുമ്പ് പത്രത്തിൽ വായിച്ചിരുന്നു.

ബാംഗ്ലൂർ എസ്ബിഐ സോണൽ ഓഫീസിലെ ഓഫീസറും ചീഫ് ഇൻസ്പെക്ടറുമായ മുംബൈ സ്വദേശി പ്രമോദ് പ്രവാസ്കറിനെ സിആർപിഎഫ് ജവാൻ പാഞ്ഞാൾ സ്വദേശി സന്തോഷ്കുമാറാണു സ്വന്തം ജീവൻ പോലും പണയം വെച്ച് രക്ഷിച്ചത്.

ഷൊർണൂരിലേക്ക് പോകാനായി ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ് ട്രെയിനിൽ വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിൽ നിന്നു കയറാൻ ശ്രമിക്കുകയായിരുന്നു പ്രമോദ്. ലഗേജുകൾ ട്രെയിനിന്റെ അകത്തേക്കു വച്ച ശേഷം കയറാൻ ശ്രമിക്കുന്നതിനിടെ ട്രെയിൻ നീങ്ങിത്തുടങ്ങുകയും പരിഭ്രമിച്ചുപോയ പ്രമോദ് കാലിടറി ട്രെയിനിനും പ്ലാറ്റ്ഫോമിനും ഇടയിലേക്കു വീഴുകയുമായിരുന്നു. സിആർപിഎഫിന്റെ ചെന്നൈ ഡീഐജി ഓഫീസിലെ കോൺസ്റ്റബിളായ സന്തോഷ് കുമാർ തൊട്ടുപിന്നിൽ വരുന്ന ആലപ്പുഴ-ചെന്നൈ എക്സ്പ്രസ് ട്രെയിനിൽ പോകാനായി പ്ലാറ്റ്ഫോമിൽ കാത്തുനിൽക്കുമ്പോഴാണു യാത്രക്കാരൻ ട്രെയിനിന്റെ അടിയിലേക്ക് വീഴുന്നതു കണ്ടത്.

പകച്ചു നിൽക്കാതെ ഉടൻ സന്തോഷ് പ്ലാറ്റ്ഫോമിൽ കമിഴ്ന്നു കിടന്നു താഴെ പാളത്തോടു ചേർന്നു വീണുകിടന്ന പ്രമോദിനെ അണച്ചുപിടിച്ചു പ്ലാറ്റ്ഫോമിലേക്ക് ചേർത്തുകിടത്തി. സന്തോഷിന്റെ സമയോചിത രക്ഷാപ്രവർത്തനം ഉണ്ടായിരുന്നില്ലെങ്കിൽ ട്രെയിനിന്റെ ഫുട്സ്റ്റെപ്പ് തട്ടി ദുരന്തം സംഭവിക്കുമായിരുന്നു. നന്മ തീരെ ഇല്ലാതായിട്ടില്ലന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു ഇത്തരം വാർത്തകൾ...

## പലരും ചോദിക്കുന്ന ചോദ്യങ്ങൾ



***ലിറ്റിൽ മാസികയ്ക്ക് രാഷ്ട്രീയമുണ്ടോ?***

ഉണ്ട്. നിസ്സാരവും ചെറുതും എന്ന് ഗണിക്കപ്പെടുന്ന ജീവന്റെ എല്ലാ ഭാവങ്ങൾക്കും ഒപ്പം നിൽക്കുന്നു എന്നതിൽ രാഷ്ട്രീയമുണ്ടങ്കിൽ. പുഴുവും മനുഷ്യരും ഒരുപോലെ കഴിയുന്ന ഒരു ഭൂമിയെ മാസിക സ്വപ്നം കാണുന്നുമുണ്ട്.

***മാസികയിൽ അനുഭവകഥകളും മറ്റുമാണല്ലോ ഏറെയും?***

അതെ. പുസ്തകങ്ങളിൽ നിന്നുള്ള അറിവിന് പരിധികളും പരിമിതികളുമുണ്ട്. അവയ്ക്കപ്പുറം നമ്മെ നയിക്കാനാവുക ജീവിതപാഠങ്ങൾക്കാണ്. അനുഭവങ്ങളിൽ നിന്നും ശേഖരിക്കുന്നു .തിരിച്ചറിവുകൾക്ക് ലോകത്തെ, ജീവി, തത്തെ മാറ്റാൻ കഴിയുമെന്ന് തോന്നുന്നു.

***മാസിക കറുപ്പ് - വെളുപ്പിൽ തന്നെ തുടരുമോ?***

തുടരും. നിറങ്ങളുടെ പ്രളയകാലമാണിത്. എല്ലായിടത്തും നിറമേളങ്ങൾ. എന്നാൽ ഒരാൾ പോലും ഒരു നിറവും അഗാധമായി അറിയുന്നുമില്ല. ഇവയ്ക്കിടയിൽ കറുപ്പ്-വെളുപ്പിന് ഒരു ധ്യാനാനുഭവം, സ്വച്ഛത പകരാൻ കഴിഞ്ഞേക്കും...

**-ലിമാ ടീം**

*മുറിക്കാതെ ഒഴിവാക്കുന്ന ഒരു മരക്കൊമ്പ്,*
*നടക്കുമ്പോൾ ചവിട്ടാതെ വിടുന്ന*
*ഒരു ഉറുമ്പുവരി,*
*ചുരുട്ടിയെറിയാത്ത ഒരു കടലാസ്,*
*വലിച്ചെറിയാത്ത ഒരു ബോട്ടിൽ,*
*വാങ്ങാതിരിക്കുന്ന ചില വസ്തുക്കൾ,*
*ഒക്കെ നമ്മുടെ ജീവിതം മാറ്റിമറിക്കും.*
*നമ്മുടേതു മാത്രമല്ല, അടുത്തുള്ളവരുടെ,*
*ഭൂമിയുടെ, ഒക്കെയും.........*

*ലിമാ*


*വഴിയരികിൽ കണ്ട മുറികൂട്ടിച്ചെടികളിൽ നിന്ന് ഒരു ചെടി പൊട്ടിച്ചെടുത്തു. പഴയ, പൊട്ടിയ ഒരു ബക്കറ്റിൽ അല്പം മണ്ണു നിറച്ച്, അതിൽ വെച്ചു. വല്ലപ്പോഴുമൊക്കെ നനച്ചു. മുറ്റത്തിന്റെ ഒരു വശത്ത് അത് വളർന്നു തുടങ്ങിയിട്ടുണ്ട്. അതിന്റെ വയലറ്റു നിറം എനിക്കു നൽകുന്ന ആനന്ദം ഒട്ടും നിസ്സാരമല്ല.*

*-മുംതാസ് അലി, അലനല്ലൂർ*

*കനേഡിയൻ വിദ്യാർത്ഥി ഇവാൻ ഈമസ് ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സിന് ചേർന്നു.30,000 ഡോളർ ട്യൂഷൻ ഫീസ് കണ്ടെത്താൻ തന്നെ ഇവാൻ പെടാപ്പാടുപെട്ടു.മാഞ്ചസ്റ്ററിൽ താമസിക്കാനുള്ള ചിലവ് കൂടി താങ്ങാൻ തനിക്ക് ശേഷിയില്ലന്ന് മനസിലാക്കിയ ആ ചെറുപ്പക്കാരൻ അതിന് കണ്ടെത്തിയ വഴി രസകരമായിരുന്നു.....*

# പുറംപോക്കിലെ താമസം

കാനഡയിൽ നിന്നും ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ ആസ്ട്രോ ഫിസിക്സിൽ മാസ്റ്റർ ബിരുദം എടുക്കാനെത്തിയ ഇവാൻ ഈമസ് 30,000 ഡോളർ ട്യൂഷൻ ഫീ അടവാക്കാൻ നന്നേ പ്രയാസപ്പെട്ടു. താമസിക്കാനുള്ള ചിലവ് എങ്ങനെ കുറക്കാമെന്നായി ഇവാന്റെ ആലോചന. ഇംഗ്ലണ്ടിൽ താമസം എന്നത് വളരെ ചിലവേറിയ ഏർപ്പാടാണ്. ഒരു കേവലം ഡോർമെറ്ററി തന്നെ കിട്ടിയാൽ കീശ കാലിയാകും. അങ്ങനെ ആലോചിച്ചപ്പോഴാണ് ഇവാന്റെ മനസ്സിൽ പുതിയ ആശയമുദിച്ചത്. ഇന്റർനെറ്റിൽ ഇവാൻ ഒരു പരസ്യം പോസ്റ്റ് ചെയ്തു. ഏതെങ്കിലും വീടിന്റെ പുറംപോക്കിലോ മറ്റോ ഒരു ടെന്റ് കെട്ടി താമസിക്കാൻ അനുവാദം തരാൻ തയ്യാറുള്ളവരെ ആണ് ഇവാൻ പരസ്യത്തിലൂടെ അന്വേഷിച്ചത്. കുറേ പേർ പ്രതികരിച്ചു. ഒടുവിൽ ചാർലി മെന്റാക് എന്ന മുപ്പത്തിയാറുകാരിയാണ് ഇവാന് സ്വീകാര്യമായ ഓഫറുമായി എത്തിയത്. തന്റെ വീടിന്റെ പിൻഭാഗത്ത് ടെന്റ് കെട്ടി താമസിക്കാൻ അവർ ഇവാന് അനുവാദം കൊടുത്തു. പകരം തന്റെ കുട്ടികൾക്ക് ട്യൂഷനും ഹൈസ്കൂൾ തുല്യതാ പരീക്ഷയ്ക്ക് കണക്കും സയൻസും പഠിക്കാൻ തനിക്കും സഹായം ചെയ്യണമെന്ന ഒരു വ്യവസ്ഥയാണ് പ്രതിഫലമായി വീട്ടമ്മ ആവശ്യപ്പെട്ടത്. തനിക്ക് ടെന്റ് കെട്ടി താമസിക്കാൻ അനുവാദം തരുന്നവർ ചിലപ്പോഴൊക്കെ തന്റെ മൊബൈൽ ഫോണും ലാപ്ടോപ്പും ചാർജ്ജ് ചെയ്യാനും വാട്ടർ ഹീറ്റർ ഉപയോഗിക്കാനും മറ്റും സഹായിക്കണമെന്ന ഇവാന്റെ ആവശ്യവും ചാർലി മെന്റാക് സമ്മതിച്ചു. അങ്ങനെ നൈലോൺ കൊണ്ടുള്ള താൽക്കാലിക ടെന്റ് സ്ഥാപിച്ച് ഇവാൻ തന്റെ വിദ്യാഭ്യാസ കാലം ചിലവ് കുറഞ്ഞ രീതിയിൽ കഴിച്ചുകൂട്ടി. ഇതിലും കുറഞ്ഞ നിരക്കിൽ മാഞ്ചസ്റ്റർ പോലുള്ള നഗരത്തിൽ അക്കൊമഡേഷൻ ആർക്ക് സംഘടിപ്പിക്കാനാവും? പാചകവും മറ്റുമൊക്കെ യൂണിവേഴ്സിറ്റിയിലെ ക്യാമ്പസിൽ ഇവാൻ തരപ്പെടുത്തി. വീട്ടുടമയ്ക്കും കുട്ടികൾക്കും ട്യൂഷനെടുത്തും ചിലപ്പോഴൊക്കെ വീട്ടുകാർക്ക് ഒരു കാവൽക്കാരനായും നല്ല സുഹൃത്തായുമൊക്കെ ഇവാൻ അവിടെ കഴിഞ്ഞുകൂടി. ഏതായാലും ഇവാന്റെ ഈ ലോ കോസ്റ്റ് അക്കൊമഡേഷൻ നവ മാധ്യമങ്ങളിലും മറ്റ് പത്ര മാധ്യമങ്ങളിലും ചർച്ചയായി. പിന്നീട് കോണിക്കൂടിന്റെ താഴെയും മറ്റുമൊക്കെ താമസിക്കാൻ സ്ഥലമന്വേഷിച്ച് നിരവധി പേർ ഇന്റർനെറ്റിൽ പരസ്യങ്ങൾ കൊടുത്തുതുടങ്ങി. വളരെ നൂതനമായ ഒരു രീതിയിൽ തന്റെ സാമ്പത്തിക പരിമിതിയെ ഇവാൻ മറികടക്കുകയായിരുന്നു.



ഇവാൻ ഈമസ് നൈലോൺ കൊണ്ടുള്ള ടെന്റിനു മുന്നിൽ

# പായ്ക്ക് ചെയ്ത തട്ടിപ്പുകൾ

*കയ്യിലെടുക്കുമ്പോൾ ആകർഷകമായി തോന്നുന്ന മൃദുലത ഉൽപന്നത്തിന്റെ ഗുണമല്ല അതിനെ പൊതിയുന്ന പായ്ക്കറ്റിന്റേതാണെന്ന തിരിച്ചറിവ് നമ്മെ അമ്പരപ്പിക്കും.അതീവ ജാഗ്രതയോടെ ചെയ്യേണ്ടതാണ് ഇന്ന് ഷോപ്പിംഗ് എന്ന് ഓരോ ഷോപ്പിംഗ് അനുഭവവും നമ്മെ പഠിപ്പിക്കുന്നുണ്ട്*

**ബിജു ജോൺ**

*ബ്രഡ്ഡ് വാങ്ങാൻ കടയിൽ ചെന്നതാണ്. സെയിൽസ് മാൻ ഒരു ബ്രഡ്ഡ് പായ്ക്കറ്റ് എടുത്തുതന്നു. കയ്യിൽ വാങ്ങി തിരിച്ചും മറിച്ചും നോക്കിയപ്പോൾ സാധാരണ വാങ്ങുന്നതിനേക്കാൾ എന്തോ മൃദുലത കുറവായി തോന്നിയത് അറിയിച്ചപ്പോൾ സെയിൽസ് മാൻ പറഞ്ഞു: "ഇത് ലോക്കൽ മെയ്ഡാണ്. ദൂരെ നഗരത്തിൽ നിന്നനും വരുന്ന വലിയ കമ്പനിയുടെ ബ്രാന്റഡ് സാധനമാണ് മുമ്പ് കൊണ്ടുപോയിരുന്നത്. അത് ഇന്ന് വന്നിട്ടില്ല." കമ്പനിയുടെ പേര് നോക്കണ്ട സാധനം എല്ലാം ഒന്നുതന്നെയാണ്, ഗുണത്തിൽ വ്യത്യാസമില്ല എന്നൊക്കെ കടക്കാരൻ നിർബന്ധിച്ചു. എന്നാലും പതിവായി വാങ്ങുന്ന ബ്രഡ്ഡിന്റെ സോഫ്റ്റ്നസ് ഇതിനില്ലല്ലോ എന്ന സംശയം പറഞ്ഞ് സാധനം നിരാകരിക്കാൻ തുടങ്ങുമ്പോൾ സെയിൽസ്മാൻ ആ സത്യം പറഞ്ഞു ബ്രഡ്ഡിന്റെ സോഫ്റ്റ്നസ് ആയി നമുക്ക് അനുഭവപ്പെടുന്നത് അതിന്റെ പ്ലാസ്റ്റിക് കവറിന്റെ സോഫ്റ്റ്നസ് കൊണ്ടാണെന്ന് പ്രാദേശികമായി ഉണ്ടാക്കിയ ബ്രഡ്ഡും തലേന്ന് വന്ന കമ്പനിയുടെ ബ്രഡ്ഡിന്റെ പായ്ക്കറ്റും താരതമ്യം ചെയ്ത് കടക്കാരൻ കാര്യം സമർത്ഥിച്ചു. കാര്യം അപ്പോഴാണ് മനസ്സിലായത്. ബ്രെഡ്ഡ് പായ്ക്കറ്റ് കയ്യിലെടുക്കുമ്പോൾ മൃദുലത തോന്നുന്നത് അതിന്റെ പായ്ക്കറ്റിന്റെ മൃദുലത കൊണ്ടാണ്. മൃദുലത തോന്നിക്കുന്ന വിലകൂടിയ പ്ലാസ്റ്റിക് കവറിലാണ് വലിയ കമ്പനികൾ ബ്രഡ്ഡ് പായ്ക്ക് ചെയ്യുക. അകത്തുള്ള ബ്രെഡ്ഡ് സാധാരണ തന്നെയായിരിക്കും. പ്രാദേശിക സംരംഭകർക്ക് വിലകൂടിയ പ്ലാസ്റ്റിക് കവർ ഉപയോഗിക്കാൻ കഴിയാത്തതിനാൽ ബ്രഡ്ഡ് പായ്ക്കറ്റ് കയ്യിലെടുക്കുമ്പോൾ അവരുടെ ബ്രെഡ്ഡ് പൊതിയുന്ന പ്ലാസ്റ്റികിന്റെ കാഠിന്യം ബ്രഡ്ഡിന്റെ കാഠിന്യമായി നമുക്ക് അനുഭവപ്പെടുകയാണ്! പെട്ടെന്ന് ആർക്കും തിരിച്ചറിയാനാവാത്ത കച്ചവടതന്ത്രം .കയ്യിലെടുക്കുമ്പോൾ ആകർഷകമായി തോന്നുന്ന മൃദുലത ഉൽപന്നത്തിന്റെ ഗുണമല്ല അതിനെ പൊതിയുന്ന പായ്ക്കറ്റിന്റേതാണെന്ന തിരിച്ചറിവ് നമ്മെ അമ്പരപ്പിക്കും.അതീവ ജാഗ്രതയോടെ ചെയ്യേണ്ടതാണ് ഇന്ന് ഷോപ്പിംഗ് എന്ന് ഓരോ ഷോപ്പിംഗ് അനുഭവവും നമ്മെ പഠിപ്പിക്കുന്നുണ്ട്.*

**മുഖലേഖനം**

# മാളുകൾക്കും വിപണിക്കും പുറത്തെ മലയാളി ജീവിതം

**ആഷിക്**

ചെറുനഗരങ്ങളിൽ പോലും മുളച്ചുപൊന്തുന്ന ഷോപ്പിംഗ് മാളുകൾ മുന്നോട്ടുവെക്കുന്നത് ആഗോളീകരിക്കപ്പെട്ട ഒരു ജീവിതശൈലിയാണ്. വലിയ ബ്രാന്റുകളുടെ ഉൽപന്നങ്ങൾ മാത്രം ഉപയോഗിച്ചു തീർക്കുന്ന മധ്യ-ഉപരിവർഗ്ഗ മലയാളികൾ കാണാത്ത, കാണാനിഷ്ടപ്പെടാത്ത ചെറുവിപണികളുടെ ശൃംഖലകൾ തന്നെ നമ്മുടെ നാട്ടിലും വളർന്നുവരുന്നത് ആഹ്ലാദകരമാണ്. ബ്രാന്റഡ് ഉൽപന്നങ്ങൾ വലിയ മുടക്കുമുതലിൽ, വലിയ പരസ്യപ്രചാരണ പരിപാടികൾ നടത്തി വിപണിയിലെത്തിക്കുമ്പോൾ അതിന്റെ മൂല്യമല്ല, പ്രദർശിപ്പിക്കുന്ന ഷോപ്പിന്റെയും പായ്ക്കറ്റിന്റെയും പരസ്യത്തിന്റെയും ആകർഷകത്വമാണ് പരിഗണിക്കപ്പെടുന്നത്. ഭൂരിപക്ഷം വരുന്ന, സ്ഥിരവരുമാനമില്ലാത്ത, അരക്ഷിതരായ താഴെത്തട്ടിലെ മലയാളികൾ വഴിയോരങ്ങളിലെ ഒറ്റയാൾ മാളുകളിൽ ആവശ്യമുള്ള സാധനങ്ങൾ കണ്ടെത്തുന്നുണ്ട്. പച്ചക്കറികൾ, പഴങ്ങൾ, ചെരിപ്പുകൾ, വസ്ത്രം, പാത്രങ്ങൾ, വിത്തിനങ്ങൾ, പുസ്തകങ്ങൾ, വീട്ടുപകരണങ്ങൾ എന്നുവേണ്ട മിക്കവാറും എല്ലാത്തരം വിപണിവസ്തുക്കളും വഴിയോര വിപണിയിൽ സജീവമാണ്. നഗരവികസനത്തിന്റെയും ഗതാഗത പരിഷ്കാരങ്ങളുടെയും പേരിൽ പോലീസും ഭരണകൂടവും വഴിയോര വിപണിയെ നിരന്തരം തകർത്തുകൊണ്ടിരിക്കുന്നത് ഇന്ത്യയിലെ ഓരോ പട്ടണങ്ങളിലെയും കാഴ്ചയാണ്. വലിയ വാടക നൽകേണ്ടാത്ത, ജോലിക്കാരില്ലാത്ത, ഉൽപാദകർ തന്നെ കച്ചവടക്കാരാവുന്ന, ഇടത്തട്ടുകാരില്ലാത്ത, നേരിട്ടുള്ള ഇത്തരം ചെറുവിപണികളാണ് യഥാർത്ഥത്തിൽ നമുക്കാവശ്യം.

***

ഓരോ നാട്ടിലുമുണ്ടായിരുന്നു ആഴ്ചച്ചന്തകളും അന്തിച്ചന്തകളുമെല്ലാം. സ്പെൻസറിന്റെയും റിലയൻസിന്റെയും സൂപ്പർമാർക്കറ്റുകൾ നമ്മുടെ നിരത്തുവക്കുകളിൽ ഇടംപിടിക്കുന്നതിനുമുമ്പ്. അന്നവും വസ്ത്രവും ആയുധവും അറിവും അത്തരം ചന്തകളിൽ സജീവമായി പങ്കുവെക്കപ്പെട്ടിരുന്നു. വിശ്വാസ്യതയും പരിചയവും കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കുമിടയിൽ നിലനിന്നിരുന്നു. പുതിയ മാർക്കറ്റുകളിൽ ക്യാമറയുടെ നിരീക്ഷണത്തിനുള്ളിൽ പച്ചമീനിനോ തക്കാളിക്കോ ഉപ്പിനോ ചെരുപ്പിനോ ക്യൂ നിൽക്കുന്ന മലയാളി അനുഭവിക്കുന്ന അടിമത്തം അത്തരം ചന്തകൾക്ക് ആലോചിക്കാനാവുമായിരുന്നില്ല. വാങ്ങുന്നവരെ മോഷ്ടാക്കൾക്കു തുല്യം സംശയിക്കുന്നു ഈ ഷോപ്പിംഗ് മാളുകൾ. മാളുകൾക്കും സൂപ്പർമാർക്കറ്റുകൾക്കും പുറത്തുള്ള ലോകം വൃത്തികെട്ടതും അപരിഷ്കൃതവുമാണെന്ന ബോധം മലയാളികൾ വളർത്തിയെടുത്തിരിക്കുന്നു. എന്നാൽ താഴെത്തട്ടിലെ മനുഷ്യർ മാധ്യമങ്ങളുടെ പ്രചാരണവേലകൾക്ക് പുറത്താണ്. പാലങ്ങൾക്കുകീഴെയും ചേരികളിലും പുറമ്പോക്കുക



ളിലും വാടക ക്വാർട്ടേഴ്സുകളിലും റെയിൽവേ പാള ങ്ങൾക്കരികിലും പാർക്കുന്ന മലയാളി മാത്രമല്ലാത്ത മുഴുവൻ മലയാളികളും വെളിച്ചം നിറഞ്ഞ മാർക്കറ്റു കളിലല്ല, മറിച്ച് പാതയോരത്തും തട്ടുകടകളിലും നടന്നുവിൽപ്പനക്കാരിലും ഒക്കെയാണ് അന്നം കണ്ടെ ത്തുന്നത്.

***

മലയാളി, അന്നത്തെക്കുറിച്ചും ആരോഗ്യത്തെ കുറിച്ചും ആലോചിച്ചു തുടങ്ങുന്ന ദശകമാണ് ഇത്. ഓരോ വീട്ടിലും ഒരു കറിവേപ്പിലച്ചെടിയെങ്കിലും നട്ടു നച്ചു വളർത്താനാരംഭിച്ചിരിക്കുന്ന കാലം. കൂട്ടായ്മ കൾ വയലുകൾ തിരിച്ചുപിടിക്കുന്ന കാലം. കേരള ത്തിൽ പലയിടത്തും ചിതറിക്കിടക്കുന്ന ജൈവകർഷ കരുടെ കൂട്ടങ്ങൾ, വിപണിയുടെ ആഗോള ബലതന്ത്ര ങ്ങളെ പ്രതിരോധിക്കുന്നുണ്ട്. ജൈവകർഷകരുടെ മുൻകയ്യിൽ പലയിടത്തും ആഴ്ചച്ചന്തകൾ സജീവമാ ണ്. വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ, കേരളീയ മായ തനതുവിഭവങ്ങൾ അവിടങ്ങളിൽ പങ്കുവെക്ക പ്പെടുന്നു. ഒരു ഹരിത വാണിജ്യസംസ്കൃതി അത്തരം ഇടങ്ങളിൽ പിറവിയെടുക്കുന്നുണ്ട്. അയൽക്കൂട്ടങ്ങളുടെയും വനിതാസംഘങ്ങളുടെയും മുൻകൈയിൽ നടക്കുന്ന കൃഷിയും ഉൽപന്നങ്ങ ളുടെ ജൈവവിപണികളും പുതിയ സമരങ്ങൾ കൂടി യാവുന്നുണ്ട്.

***

കോർപറേറ്റുകൾ തീരുമാനിക്കുന്ന രുചികൾ വേണ്ടെന്നു വെക്കാനും, തന്റേതായ, തങ്ങളുടേതായ രുചികൾ-നാട്ടുരുചികൾ-തിരിച്ചെടുക്കാനുമുള്ള ശ്രമ ങ്ങളാണ് പുതിയ കാലത്തിന്റെ രാഷ്ട്രീയം. അത് ചെറിയ മനുഷ്യരും ചെറിയ പ്രസ്ഥാനങ്ങളും ഇടപെ ടുന്ന സ്ഥലമാണ്. വസ്ത്രവും പാർപ്പിടവും ചികി ത്സയും വിദ്യാഭ്യാസവും അന്നവും എല്ലാം ലളിത മായ, ജൈവമായ, രൂപങ്ങളിലേക്ക് മാറുമ്പോൾ സമൂ ഹത്തിന്റെ അനുഭവലോകം അവിടെയാരംഭിക്കുന്നു. വീട്ടിലെത്തുന്ന മീൻകാരനെയും അയൽപക്കത്തെ വയലുകളിലെ കൃഷിക്കൂട്ടായ്മയെയും നാട്ടിലെ പാരമ്പര്യവൈദ്യനെയും അംഗനവാടിയെയും, വഴി യരികിലെ കപ്പലണ്ടിക്കാരെയും ചെരുപ്പുകുത്തി യെയും പച്ചക്കറിക്കാരെയും ഓഫീസുകളിൽ കയറി യിറങ്ങുന്ന അച്ചാർ-മിഠായി-സോപ്പ്-അരിനുറുക്ക് കച്ചവടക്കാരികളെയും സെക്കന്റ്ഹാന്റ് പുസ്തകശാ ലകളെയും വഴിയോര സർബത്തുകടകളെയും, അടുത്തവീട്ടിലെ പശുവിൻപാലിനെയും, അപ്പുറത്തെ ചീരത്തണ്ടിനെയും, ചോദിച്ചാൽ കിട്ടുന്ന ചക്കച്ചുളക ളെയും, പൊട്ടിയ ബാഗ് തുന്നിത്തരുന്നവരെയും, കീറിയ കുപ്പായം തയ്ച്ചുതരുന്നവരെയും, ചെറുപ ണികൾക്കെത്തുന്ന ഒറ്റപ്പെട്ട കൂലിവേലക്കാരെയും, എല്ലാ സ്റ്റോപ്പിലും നിർത്തിത്തരുന്ന പൊതുവാഹന ങ്ങളെയും എല്ലാമെല്ലാം വാതിലിനു പുറത്തു നിർത്താൻ നമുക്കിനിയും സാധ്യമാവുമോ? ഇല്ല എന്നു തന്നെയായിരിക്കും ഉത്തരം.

## പച്ചവെട്ടു ബെല്ലം എവിടെ?

*ഷോപ്പിംഗ് മാളുകളിലും സൂപ്പർമാർക്കറ്റുക ളിലും കച്ചവടം പൊടിപൊടിക്കുന്ന ഇത്തര മൊരു സന്ദർഭത്തിലാണ് നാട്ടിൽ സുലഭമാ യിരുന്ന ഒരു വിശിഷ്ട ഉൽപന്നത്തിനു നമ്മുടെ കൺമുമ്പിൽ വെച്ച് വംശനാശം സംഭവിക്കുന്നതെന്ന കാര്യം നാം ഓർക്കേ ണ്ടതുണ്ട്.*

**ടി.ഐ. ലാലു**

*നല്ല മധുരമുള്ള ഒരിനം ബെല്ലമാണ് പച്ചവെട്ടു ബെല്ലം. (കരിംപച്ച നിറമായതിനാലായിരിക്കണം ഈയി നത്തിനു ഈ പേരു കൊടുത്തിരിക്കുന്നത്) പച്ചവെട്ടു ബെല്ലത്തിൽ ഉപ്പിന്റെ അംശം തീരെ കുറവാണ്. ആയ തിനാൽ പായസവും മറ്റും ഉണ്ടാകുവാൻ പച്ചവെട്ടുബെ ല്ലമാണ് പൊതുവെ ഉപയോഗിക്കാറുള്ളത്. ഇക്കഴിഞ്ഞ ഓണത്തിനു പായസം ഉണ്ടാക്കാനായി ഈയിനം ബെല്ലം വാങ്ങുന്നതിനു പഴയ ഓർമ്മ വെച്ച് പല പീടി കകളിലും കയറിയിറങ്ങി. പക്ഷേ, ഒരിടത്തുനിന്നും കിട്ടി യില്ല. കുറച്ചു വർഷങ്ങളായി പച്ചവെട്ടുബെല്ലം പീടിക കളിൽ കാണാറില്ല. മലയാളികളെല്ലാം പായസം കഴി ക്കുന്ന ഓണക്കാലത്തെങ്കിലും പച്ചവെട്ടു ബെല്ലം കിട്ടി യാലോ എന്നു കരുതിയാണ് അന്വേഷിച്ചിറങ്ങിയത്. ഇത് അന്വേഷിച്ചു നടന്നിട്ടു ഒരു കാര്യവുമില്ലെന്നു പരിചയ ക്കാരനായ ഒരു കച്ചവടക്കാരൻ തന്നെ അറിയിക്കുക യുണ്ടായി. നാടാകെ പായസക്കച്ചവടം തകൃതിയായി നടക്കുന്ന ഓണക്കാലത്തു പോലും നല്ലയിനം ബെല്ലം കിട്ടാനില്ല എന്നു ചുരുക്കം.*

*കച്ചവടമാടുന്നതിൽ ഏറെ കമ്പമുള്ളവരാണ് മലയാ ളികൾ. മലയാളിക്ക് എന്നും ഉത്രാടപ്പാച്ചിലാണ്. ഷോപ്പിംഗ് മാളുകളിലും സൂപ്പർമാർക്കറ്റുകളിലും കച്ച വടം പൊടിപൊടിക്കുന്ന കാലവുമാണിത്. ഇത്തരമൊരു സന്ദർഭത്തിലാണ് നാട്ടിൽ സുലഭമായിരുന്ന ഒരു വിശിഷ്ട ഉൽപന്നത്തിനു നമ്മുടെ കൺമുമ്പിൽ വെച്ച് വംശനാശം സംഭവിക്കുന്നതെന്ന കാര്യം നാം ഓർക്കേ ണ്ടതുണ്ട്.*

*ഇവിടെ കേവലം ഒരു ഉൽപന്നം അപ്രത്യക്ഷമാകു ന്നതു മാത്രമല്ല പ്രശ്നം. നിത്യവും നാം ഉപയോഗിച്ചി രുന്ന ഈ ഉൽപന്നം കുറ്റി പറിഞ്ഞു പോകുന്നതിനൊപ്പം സജീവമായ ഒരു സംസ്കൃതി കൂടി മണ്ണടിഞ്ഞു പോകു കയാണെന്നു തിരിച്ചറിയുവാൻ നമുക്ക് കഴിയണം. ഈ ഉൽപന്നം മാഞ്ഞുപോകുമ്പോൾ കൂടെ അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അറിവും അനുഭവവും മായുന്നതാണ് തീർച്ച.*

*പായസമുണ്ടാക്കാൻ വേണ്ട ബെല്ലം കിട്ടിയില്ലെങ്കി ലെന്തു കുഴപ്പം, 'വികസന'വും 'പുരോഗതി'യും കൊടുമ്പിരികൊണ്ട് 'വീറാർന്നനാ, ടുജ്വലിക്കയെല്ലി' എന്ന മട്ടാണ് ഇന്ന ഭൂരിഭാഗത്തിനുമുള്ളത്. ജനങ്ങളുടെ നിതാന്ത ജാഗ്രത ഉണ്ടാകുന്നില്ലെങ്കിൽ പച്ചവെട്ടു ബെല്ല ത്തിനു പുറകെ നിലവിൽ സമൃദ്ധമായി കണ്ടുവരുന്ന പലതിനും താമസംവിനാ ക്ഷാമം അനുഭവപ്പെട്ടേക്കാം.*

# തപാൽ കാർഡ് ആയുധമാക്കിയപ്പോൾ

**പ്രതിഷേധിക്കാൻ, പ്രകോപിപ്പിക്കാൻ, സാന്ത്വനിപ്പിക്കാൻ, പ്രോത്സാഹിപ്പിക്കാൻ, ധൈര്യം പകരാൻ, സങ്കടം പറയാൻ, തമാശ പറയാൻ, വിവരം കൈമാറാൻ... അങ്ങനെയങ്ങനെ തപാൽകാർഡ് പലതിനും നല്ലൊരു ആയുധമാണ്. ഇതാ ഒരു അനുഭവം..**

**അക്കു**

ഒരു തപാൽ കാർഡിന്റെ വില അമ്പതുപൈസ. ഇന്ത്യയിലെവിടെയും ഏറ്റവും കുറഞ്ഞ ചിലവിൽ സന്ദേശങ്ങൾ സ്വന്തം കൈപ്പടയിൽ എത്തിക്കാൻ കഴിയുന്ന സംവിധാനം. സാമ്പത്തിക നഷ്ടമെന്നു പറഞ്ഞു സർക്കാർ ഒരുപക്ഷേ നിർത്തിയേക്കാവുന്ന ഒന്ന്! വാട്ട്സ് ആപ്പിന്റെയും ഫെയ്സ്ബുക്കിന്റെയും എസ്.എം.എസിന്റെയുമെല്ലാമായ മൊബൈൽയുഗത്തിൽ തപാൽ കാർഡ് ടെലിഗ്രാം പോലെ കാലഹരണപ്പെട്ടുവെന്ന് വിശ്വസിക്കുന്നവരാണ് കൂടുതൽ. അതുകൊണ്ടുതന്നെ ഇന്നു തപാൽ കാർഡുപയോഗിക്കുന്നവർ വിരളം.

തപാൽ കാർഡ് ഒന്നിച്ചുവാങ്ങി വെച്ച് ഇടയ്ക്ക് അതുപയോഗിക്കാൻ ഇഷ്ടപ്പെടുന്ന ആളാണ് ഞാൻ. പരിസ്ഥിതി പ്രസ്ഥാനങ്ങളും മറ്റും നടത്തുന്ന തപാൽ കാർഡ് കാമ്പയിനുകളിൽ പങ്കാളിയുമാകാറുണ്ട്. എഴുത്തുകാരെയും പ്രസിദ്ധീകരണങ്ങളെയും വായനാപ്രതികരണങ്ങൾ കാർഡിലൂടെ അറിയിക്കാറുണ്ട്. പ്രിയപ്പെട്ട സുഹൃത്തുക്കളുടെയും എഴുത്തുകാരുടെയും സ്വന്തം കൈപ്പടയിൽ എന്നെ തേടിയെത്തിയ ഏതാനും കാർഡുകൾ സൂക്ഷിക്കുകയും ചെയ്യുന്നു.

ഇതിനെല്ലാമപ്പുറത്ത് സ്വകാര്യമായി തപാൽ കാർഡിനെ ഒരായുധമാക്കി ഇടയ്ക്ക് ഉപയോഗിക്കാറുണ്ട് എന്നു തുറന്നുപറയട്ടെ. ആയുധമാക്കുമ്പോൾ വല്ലപ്പോഴുമാണ് പേരുകൾ വെക്കുന്നത്. അധികവും ഊമക്കത്തുകൾ! തന്ത്രപൂർവ്വം ചെയ്താൽ തികച്ചും സുരക്ഷിതവും മൂർച്ചയുള്ളതുമായ ആയുധം! ചില സുഹൃത്തുക്കളാണ് ഇക്കാര്യത്തിൽ മാതൃക. തപാൽ കാർഡ് ആയുധമാക്കിയപ്പോൾ ആവേശകരമായ ഒരനുഭവം ഈയടുത്തുണ്ടായി.

സുഹൃത്തുക്കളോടൊപ്പം ആലപ്പുഴയിലേക്ക് ഒരു കാർ യാത്രയിലായിരുന്നു. എറണാകുളം വൈറ്റില ജംഗ്ഷൻ കഴിഞ്ഞ് ഹൈവേയിലുള്ള ഒരു പമ്പിലേക്ക് എണ്ണയടിക്കാൻ കാർ തിരിച്ചു. രാവിലെയാണ. ഞങ്ങൾ കാറിൽ നിന്നിറങ്ങി മൂത്രമൊഴിക്കാനായി പമ്പിന്റെ പിറകിലെ ടോയ്‌ലറ്റിലേക്ക് പോയി. ആദ്യം കയറിയ സുഹൃത്തിനെ കാത്ത് ടോയ്‌ലറ്റിനു പുറത്തു നിൽക്കുമ്പോൾ വെറുതെ പരിസരം ശ്രദ്ധിച്ചു. പമ്പ് നിൽക്കുന്നത് ഒരു തോട്ടിന്റെ കരയിലാണ്. തോട്ടിലൂടെ തെളിഞ്ഞ വെള്ളമൊഴുകുന്നു. ടോയ്‌ലറ്റ് തോടിന്റെ അരികിലാണ്. നോക്കുമ്പോഴുണ്ട് ടോയ്‌ലറ്റിന്റെ പുറത്തേക്കുള്ള പൈപ്പ് നേരെ തുറന്നിരിക്കുന്നത് തോട്ടിലേക്കാണ്. സുഹൃത്ത് ഫ്ളഷ് ചെയ്ത വെള്ളം നേരെ വന്നു വീഴുന്നത് തോട്ടിലെ വെള്ളത്തിലേക്കായിരുന്നു. മൂത്രവും മലവും നിക്ഷേപിക്കാൻ ടാങ്കിനു പകരം ജലാശയമാണ് ഉപയോഗിക്കുന്നത് എന്നറിഞ്ഞപ്പോൾ ഞെട്ടി! തെളിഞ്ഞ വെള്ളമൊഴുകുന്ന തോട്ടിലേക്ക് ഈ വിധം കക്കൂസ് മാലിന്യം തള്ളുന്ന പമ്പുടമയെയും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ട അധികൃതരെയും പറ്റി അമർഷത്തോടെ ആലോചിച്ചു. തിരക്കുപിടിച്ച ഹൈവേയുടെ വക്കത്ത് പരസ്യമായാണ് ഈ വിധം നീചമായ പ്രവൃത്തി നടക്കുന്നത്! ഞങ്ങൾ സുഹൃത്തുക്കൾ പരസ്പരം ചിന്തകൾ പങ്കുവെച്ചു. എന്തെങ്കിലും പ്രതികരിച്ചേ തീരൂ..

പുലർച്ചേയുള്ള സമയമായതിനാൽ പമ്പിന്റെ ഓഫീസിൽ ആളില്ല. എണ്ണയടിച്ചു കൊടുക്കുന്ന ബംഗാളികളെന്നു തോന്നുന്ന രണ്ടു പയ്യൻമാരേ ഉള്ളൂ. കാറിൽ കയറാൻ നേരം ഞാൻ എന്റെ പോക്കറ്റ് ഡയറിയിൽ പമ്പിന്റെ നെയിം ബോർഡിൽ നിന്ന് വിലാസം കുറിച്ചുവെച്ചു. യാത്ര കഴിഞ്ഞ് വീട്ടിലെത്തിയ ഉടനെ ഒരു തപാൽ കാർഡ് എടുത്ത് "ഈ നികൃഷ്ടമായ ഏർപ്പാട് ഉടനെ അവസാനിപ്പിക്കാൻ ആവശ്യമായത് ചെയ്യണമെന്നും ഈ പമ്പ് ഞങ്ങൾ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും ഇല്ലെങ്കിൽ ശക്തമായ പ്രതികരണങ്ങൾ നേരിടേണ്ടി വരുമെന്നും" അല്പം ഭീഷണിയുടെ ധ്വനിയിൽ പേരുവെക്കാതെ എഴുതി പമ്പിന്റെ മാനേജർക്ക് പോസ്റ്റ് ചെയ്തു. എറണാകുളത്തെ സുഹൃത്തുക്കൾ വഴി ഇതിന് ഫോളോ അപ്പ് ചെയ്യണമെന്നും കരുതിയിരുന്നു.

യാദൃശ്ചികമായി മൂന്നാഴ്ചയ്ക്കു ശേഷം കൊല്ലത്തുനിന്നും ഇതേ സുഹൃത്തുക്കൾക്കൊപ്പം മലപ്പുറത്തേക്ക് കാറിൽ യാത്ര വേണ്ടിവന്നു. രാത്രിയാണ്. പഴയ പമ്പിനടുത്തെത്തി. ഞാൻ കാർഡയച്ച കാര്യം സുഹൃത്തുക്കളോടു പറഞ്ഞു. ഒന്നു നോക്കണമല്ലോ. വണ്ടി നിർത്തി. ഞങ്ങൾ നേരെ ടോയ്‌ലറ്റിലേക്ക് പോയി.

അത്ഭുതം! ടോയ്‌ലറ്റിന് പുതിയ മുഖം! പുതിയ പ്ലംബിംഗ് വർക്കുകൾ നടന്നിരിക്കുന്നു. പഴയ ക്ലോസറ്റ് പൊളിച്ചുമാറ്റി. തോടിന്റെ വശത്തു നിന്നും മാറ്റി മറുഭാഗത്തേക്ക് നീക്കി പുതിയ ക്ലോസറ്റ്. മാലിന്യം തള്ളുന്നതിനായി കുറച്ചപ്പുറത്ത് ടാങ്ക് നിർമ്മിച്ച് അതിലേക്കാണ് പൈപ്പ്. തോട്ടിലേക്കുള്ള ടോയ്‌ലറ്റിന്റെ ദ്വാരം സിമന്റ് തേച്ച് അടച്ചിരിക്കുന്നു.

ഒരു തപാൽ കാർഡിന് ഇത്ര കരുത്തോ! സുഹൃത്തുക്കൾ അത്ഭുതപ്പെട്ടു. 'ഇതിന് ഒരു അഭിനന്ദനക്കത്തയക്കണം' അവർ പറഞ്ഞു. ഞാനത് ആദ്യമേ തീർച്ചയാക്കിയിരുന്നു. കാർഡയക്കുകയും ചെയ്തു.

വിവേകത്തോടെ ചിന്തിച്ചുകൊണ്ടു നടത്തുന്ന തപാൽ കാർഡ് പ്രതികരണങ്ങൾക്ക് തീർച്ചയായും ഫലമുണ്ടാകും. കാർഡിൽ നിങ്ങളുപയോഗിക്കുന്ന ഭാഷ വളരെ പ്രധാനമാണ്. ചിലപ്പോൾ ഒരേ കാര്യത്തിന് തുടരെ രണ്ടോ മൂന്നോ കാർഡുകൾ ചെന്നാൽ ഫലമുണ്ടാകും. ഏകാന്തവും സ്വകാര്യവുമായി നിങ്ങളെഴുതുന്ന ഒരു കാർഡ് വിദൂരത്തെവിടെയോ ഉള്ള ഒരാളുടെ ഹൃദയത്തെയാണ് തൊടുന്നത്.

പ്രതിഷേധിക്കാൻ, പ്രകോപിപ്പിക്കാൻ, സാന്ത്വനിപ്പിക്കാൻ, പ്രോത്സാഹിപ്പിക്കാൻ, ധൈര്യം പകരാൻ, സങ്കടം പറയാൻ, തമാശ പറയാൻ, വിവരം കൈമാറാൻ... അങ്ങനെയങ്ങനെ തപാൽകാർഡ് സംസ്കാരം ഒരു ശീലമാക്കി നോക്കൂ.

*അക്കു 8547300532*

# വിരുന്നുകൾ അവസാനിക്കുമ്പോൾ..

**എം.പി. പ്രതീഷ്**

ആഘോഷങ്ങളുടെയും ആരവങ്ങളുടെയും നേരമാണ് ഓരോ വിരുന്നും. പ്രിയപ്പെട്ടവരെല്ലാം, ബന്ധുക്കളോ സുഹൃത്തുക്കളോ സഹയാത്രികരോ, ഒത്തുചേർന്നുല്ലസിക്കുന്ന ഉത്സവനേരം. ഒരുപാടു വെളിച്ചം, ഉയർന്ന ശബ്ദം, സംഗീതം, നൃത്തം, തമാശക്കൂട്ടങ്ങൾ, പലതരം രുചിക്കൂട്ടുകൾ, വലിയ തീൻമേശകൾ, ലഹരികൾ, അങ്ങനെയങ്ങനെ നീളുന്നു വിരുന്നുകൾ. പിന്നെ, ഓരോരുത്തരായി മടങ്ങുന്നു. വെളിച്ചം അണഞ്ഞുതുടങ്ങുന്നു. പാട്ടു നിലയ്ക്കുന്നു. ചുവടുകൾ അയയുന്നു. ആയിടം, അതുവരെയുമുണ്ടായിരുന്ന ഒരു പലനിറക്കുപ്പായം അഴിഞ്ഞ് നഗ്നമാവുകയാണ്. പൊതിഞ്ഞുമറച്ചുവെച്ച ആവലാതികൾ, വേദനകൾ, ഒക്കെ തിരിച്ചുവരുന്നു. വിരുന്നു മുറിയുടെ പിറകിൽ പാതിവെളിച്ചത്തിൽ ഒരുവൾ മാത്രം അഴുക്കുതുടച്ചും പാത്രങ്ങൾ കഴുകിമോറിക്കമഴ്ത്തിയും ബാക്കിയാവുന്നു. അടുക്കളപ്പുറത്തെ ഏകാന്തമായ ഈ വാഴ്വിൽ മറ്റൊരാളും കടന്നുവരികയില്ല.

***

ഓരോ ദിവസവും അത്താഴശേഷം പാത്രങ്ങൾ നിറഞ്ഞ സിങ്കിനടുത്തേക്ക് ഞാൻ കടന്നുചെന്നത് ആനന്ദത്തോടെയായിരുന്നുവെന്ന് തീർച്ച. വിരുന്നുകളാവട്ടെ, നിത്യജീവിതത്തിലെ അന്നനേരങ്ങളാവട്ടെ, എച്ചിലുകൾ നിറഞ്ഞ, കറികളും ചോറും ഉമിനീരും അവശേഷിക്കുന്ന പിഞ്ഞാണങ്ങൾ, കോപ്പകൾ, കരണ്ടികൾ, ചട്ടികൾ, ഓരോന്നിന്റെയും ആകൃതിയും പ്രകൃതിയും ഞാൻ വിരലുകൾ കൊണ്ട് തൊട്ടു. വെള്ളവും ചകിരിയും അവയിലൂടെ നേർമയോടെ, ആഹ്ലാദത്തോടെ സഞ്ചരിച്ചു. ഒരു കവിതയെഴുതുംപോലെ, പാട്ടുകേൾക്കും പോലെ, അല്ലെങ്കിൽ മൗനമായി പ്രാർത്ഥിക്കും പോലെ ഞാൻ സിങ്കിനു സമീപത്തെ അവസാന നാഴികകൾ ചെലവഴിക്കുകയായിരുന്നു. ഓരോ വിരുന്നിടങ്ങളും ആണുങ്ങളുടേതാവുന്ന, ഓരോ വിരുന്നവസാനവും പെണ്ണുങ്ങളുടേതാവുന്ന ഒരു കാലത്ത്, ഒരാൺകുട്ടി, ഉണ്ടുകഴിഞ്ഞ പാത്രങ്ങൾ പെറുക്കിക്കൂട്ടി കഴുകുന്നിടത്തേക്കു നീങ്ങുന്നത് നിങ്ങൾക്കിഷ്ടമാവുമോ? അവനെ പെൺകുട്ടിയെന്ന് കളിയാക്കുമോ? വീടിനു പിറകിലെ ആ നശിച്ച ഏകാന്തതയെ മായ്ച്ചുകളയുവാൻ നിങ്ങൾക്കു കഴിയുമോ? ഇന്നത്തെ രാവിലെങ്കിലും, തീൻമേശയിലേക്ക്, അതിൻമേലുള്ള പാത്രങ്ങളിലേക്ക്, എച്ചിലുകളിലേക്ക്, കിച്ചൻ സിങ്കിലേക്ക്, പച്ചവെള്ളത്തിലേക്ക് ഒന്നു നടന്നുചെന്നു നോക്കുമോ?

*പ്രതീഷ് 9400265323*

**ഓരോ വിരുന്നവസാനവും പെണ്ണുങ്ങളുടേതാവുന്ന ഒരു കാലത്ത്, ഒരാൺകുട്ടി, ഉണ്ടുകഴിഞ്ഞ പാത്രങ്ങൾ പെറുക്കിക്കൂട്ടി കഴുകുന്നിടത്തേക്കു നീങ്ങുന്നത് നിങ്ങൾക്കിഷ്ടമാവുമോ?**





പുസ്തകം

*....ഓരോ കാലിനും അതിന്റെ ആത്മകഥയുണ്ട്. ആത്മകഥയെഴുതാൻ അതിന് നാം അറിയുന്ന ഭാഷയില്ലാത്തതിനാൽ, തീർച്ചയായും നാം നിത്യവും കണ്ടുമുട്ടുന്ന സവിശേഷമായ ചില കാലുകളുടെയെങ്കിലും ജീവചരിത്രം എഴുതുന്നത് നന്നായിരിക്കും. തിരക്കുള്ള ഈ ഭാഗത്തെ റോഡിലൂടെ ഇഞ്ചി മിഠായി നടന്ന് വിറ്റിരുന്ന ഒരു മദ്ധ്യവയസ്കനെ ഞാൻ കണ്ടിട്ടുണ്ട്. മുട്ടിന് താഴെയെത്തുന്ന കാലുറകളും അയഞ്ഞ കുപ്പായവും നെറ്റി മറയ്ക്കുന്ന തൊപ്പിയുമായി ഒരു കയ്യിൽ ഇഞ്ചി മിഠായിയുടെ തട്ടവും പിടിച്ച്, ഒരു പ്രത്യേക താളത്തിൽ കുട്ടികളെ പ്രലോഭിപ്പിച്ച് നടന്നു നീങ്ങുന്ന അയാളുടെ കാലുകളുടെ ജീവചരിത്രം, അയാൾ താണ്ടിയ വഴികളും പിന്നിട്ട നാളുകളും കണ്ടുമുട്ടിയ ജീവിതങ്ങളും അയാൾ കുടിച്ചുതീർത്ത കയ്പുകളും എണ്ണിയെണ്ണി പറയാതിരിക്കില്ല. അതുപോലെ എന്റെ ബാല്യത്തിൽ കൃഷ്ണന്റെയും രാധയുടെയും രാമന്റെയും പാവകളുമായി വീടുവീടാന്തരം നടന്നെത്താറുള്ള ഇരിഞ്ഞാലക്കുടക്കാരനായ വൃദ്ധൻ. കുപ്പിപ്പാത്രങ്ങൾ വിൽക്കാനെത്തുന്ന ബൊമ്മിണിയമ്മ. കുടവും വീണയുമായി പുള്ളുവത്തി. നന്തുണിയുമായി കൊച്ചുണ്ണി. ഭൂമിയുടെ ആഴം തുരന്ന് കിണറുകൾ എന്ന മഹാത്ഭുതം സൃഷ്ടിക്കുന്ന കുഞ്ചു. പച്ച മരുന്നുകൾ പറിക്കാൻ കാടും പാടവും തെണ്ടുന്ന സഹോദരിമാർ. വെള്ളത്തിനായി നാഴികകളോളം നടക്കുന്ന അമ്മമാർ.....*

ലിറ്റിൽമാസിക 2016 ജനുവരിയിൽ പ്രസിദ്ധീകരിക്കുന്നു

**കാലുകൾ കൊണ്ട് ധ്യാനിക്കുക**

**കെ. അരവിന്ദാക്ഷൻ**





കിം കി ദുക്

**കാഴ്ചയുടെ തീർത്ഥാടനങ്ങൾ**

# ഋതുക്കൾ: ഗുരുക്കൾ

**മമ്മദ്**

ഋതുപരിണാമങ്ങളിലെ ജീവിതപ്രതിനിധാനവും, ജീവതാളത്തിന്റെ ക്രമാനുഗത വികാസവും പകർത്തി പ്രേക്ഷകപ്രാണനിലാകമാനം പുത്തൻ ഋതുക്കൾ തീർക്കുന്ന സിനിമയാണ് കിം കി ദുക് സംവിധാനം ചെയ്ത *സ്പ്രിംഗ് സമ്മർ ഓട്ടം വിന്റർ ആന്റ് സ്പ്രിംഗ്* എന്ന സമകാലിക ക്ലാസിക് സിനിമ. സെൻ ബുദ്ധിസത്തിലെ ഗരുശിഷ്യ പാരസ്പര്യം ലോക സിനിമയെ പല രൂപങ്ങളിൽ അനുഗ്രഹിച്ചിട്ടുണ്ട്. ആചാരാനുഷ്ഠാനങ്ങളുടെ വേലിക്കെട്ടിനുപുറത്ത് കാഴ്ച്ചക്ക് വിരുന്നും വിശേഷവും പകർന്നിട്ടുണ്ട്. ഇത്തരത്തിൽ ഒരു പാഠപുസ്തകം കണക്കെ അധ്യായങ്ങളായി വിഭജിക്കപ്പെട്ട ഈ സിനിമയുടെ ആദ്യ ഭാഗത്തിന്റെ തലക്കെട്ട് വസന്തം എന്നാണ്. ആരായിരിക്കണം ഗുരു എന്നും എന്തായിരിക്കണം അധ്യയന മെന്നും ശിഷ്യ ജീവിതത്തിലെ ഗുരുവിന്റെ ദൗത്യമെന്തെന്നും ഈ അധ്യായം നമ്മെ ഉണർത്തുന്നു.

അകത്തും പുറത്തും വിരുദ്ധ മനുഷ്യ പ്രകൃതങ്ങൾ കൊത്തിയ കവാടം കടന്ന് ഒരു പ്രഭാതത്തിലെ കുളിർമയിലേക്കാണ് സിനിമ കൺതുറക്കുന്നത്. മലകളാൽ ചുറ്റിയ തടാകമധ്യത്തിലെ ഒറ്റമുറി ഗുരുകുലത്തിനു ചുറ്റുമാണ് സിനിമ അരങ്ങേറുന്നത്. വാർദ്ധക്യത്തിലേക്കു കടന്നെങ്കിലും ജീവസ്സുറ്റ സാന്നിധ്യമാണ് ഗുരു. ശിഷ്യനാവട്ടെ, നിഷ്കളങ്ക ജീവിതം തുടിക്കുന്ന മുഖമുള്ള ഒരാൺകുട്ടിയും. ജലത്താൽ ചുറ്റപ്പെട്ട ഈ ഗേഹത്തിൽ ലാളിത്യമാണ് പ്രധാന അലങ്കാരം. തെളിമയാണ് പ്രഥമ ഭാവം. ഗുരുവിനേയും ശിഷ്യനേയും കൂടാതെ അവിടെയുള്ള ബാക്കി ജൈവസാന്നിധ്യം ഒരു പട്ടിയും ബുദ്ധപ്രതിമക്കു താഴെ ചെറു ജലാശയത്തിൽ നീന്തിത്തുടിക്കുന്ന വർണ്ണമൽസ്യങ്ങളുമാണ്. ഇവിടുത്തെ പ്രധാന നിറവും സാന്നിദ്ധ്യവും ശാന്തത മുറ്റിയ മുഖമുള്ള ബുദ്ധപ്രതിമ തന്നെ. ഗുരുകുലത്തിലെ ദിനചര്യയാരംഭിക്കുന്നത് ഗുരുവിന്റെ പ്രാർത്ഥനയോടെയാണ്. പിന്നീട് ഗുരു ശിഷ്യനെ ഉണർത്തുന്നതും ഇരുവരും അവരവരുടെ കർമ്മങ്ങളിലേക്ക് ചരിക്കുന്നതും നാം കാണും . നിയതമായ ചട്ടക്കൂടില്ലാത്തതിനാൽ ഗുരുകുലത്തിലെ ഓരോ നിമിഷവും ശിഷനുള്ള അദ്ധ്യയനങ്ങൾ തന്നെയാണ്. പാഠപുസ്തകമാകട്ടെ, അവൻ വിഹരിക്കുന്ന അതിവിശാലമായ പ്രകൃതിയും. ഗുരു പുറംലോകത്തേക്ക് പോകുമ്പോൾ ശിഷ്യൻ തടാകക്കരയിലെ കാട്ടിൽ പച്ചമരുന്ന് ശേഖരിക്കാൻ പോകുന്നുണ്ട്. പ്രവേശന കവാടം വരെയുള്ള വഞ്ചിതുഴച്ചിൽ തന്നെ ശിഷ്യനുള്ള പാഠമാണ്. ഗുരു തുഴയുന്നത് നോക്കിയിരിക്കുന്ന അവൻ അത് താളത്തിൽ അനുകരിക്കുന്നുണ്ട്. വെള്ളത്തിൽ തുഴ തീക്കുന്ന സംഗീതത്തിന് അവന്റെ ചിരി അകമ്പടിയേകുന്നുണ്ട്. കാട്ടിലേക്കു പോകുമ്പോൾ ഇഴജീവികളെ സൂക്ഷിക്കണമെന്ന് ഗുരു ഉപദേശിക്കന്നു . സമ്മതം മൂളിപ്പോകുന്ന അവൻ ആ കാനനപ്രകൃതിയിൽ മറ്റൊരു പൂവായി വള്ളിയായി ശലഭമായി സ്വയം പകരുന്നുണ്ട്. മീൻ പോലെ വെള്ളത്തിൽ നീന്തിത്തുടിക്കുന്നുണ്ട്. ഔഷധസസ്യങ്ങൾ ശേഖരിച്ചു വരുന്ന അവനോട് വിഷസസ്യങ്ങളും ഔഷധസസ്യങ്ങളും തമ്മിലുള്ള വ്യത്യാസം ഉദാഹരണ സഹിതം ഗുരു വിശദമാക്കി.പ്രത്യക്ഷത്തിലെ സമാനത എത്ര മിഥ്യാ ജനകമായിരിക്കുമെന്ന് മുന്നറിയിപ്പും നൽകന്നു.

അടുത്ത തവണ കാട്ടിൽ പോകുന്ന ശിഷ്യനെ അവനറിയാതെ ഗുരു പിന്തുടരുന്നു.അവന്റെ ചെയ്തികളെ അദ്ദേഹം സസൂക്ഷ്മം നിരീക്ഷിക്കുന്നു.പ്രകൃതിയിലേക്ക് അലിഞ്ഞു ചേരുന്ന അവനിൽ പതിയെ മനുഷ്യസഹജമായ ഹിംസാഭാവങ്ങൾ തലപൊക്കുന്നത് നിശ്ശബ്ദം നോക്കിക്കാണുന്നു. പൂമ്പാറ്റകൾക്കു പിന്നാലെ അവയെ പിടിക്കാൻ ഓടുന്നുണ്ടവൻ. പിന്നീട്, പാറകൾക്കിടയിലെ തെളിജലാശയത്തിൽ നിന്നും പരൽമീനിനെ പിടിക്കുന്നു.ആനന്ദത്തിൽ നിന്നും സ്ഖലിക്കും കണക്കെയുള്ള ഒരു ചിരിയുണ്ടവന്റെ കൂട്ടിന്. പരൽമീനിനെ ശരീരമധ്യത്തിൽ കല്ലുകെട്ടി വെള്ളത്തിലേക്ക് തിരിച്ചുവിടുന്നു. പ്രാണനു വേണ്ടി പിടയുന്ന പരൽമീൻ നീന്തലിന്റെ താളം തെറ്റി താഴ്ചയിലേക്ക് ആഴന്ന് പോകുന്നു.തുടർന്ന് ഒരു തവളയെയും ഇതേ പടി ചെയ്യുന്നു . തവളയും

ശരീര മധ്യത്തിലെ കല്ലിന്റെ ഭാരം താങ്ങാനാവാതെ ജീവനുവേണ്ടി ഉഴറുന്നുണ്ട്. നീരാട്ടിനു ശേഷം സസ്യശേഖരണത്തിന് മുതിരുമ്പോൾ മുന്നിൽ അവനൊരു പാമ്പിനെ കാണുന്നു.കൗതുകപൂർവ്വം അതിനെ കയ്യിലെടുത്ത് ആദ്യം അൽപം ദൂരേക്കെറിയുന്നു. പിന്നീട് അതിനെയും മീനിലും തവളയിലും ചെയ്ത പരീക്ഷണത്തിന് വിധേയമാക്കുന്നു. മരണവെപ്രാളത്താൽ പാമ്പ് കിടന്നുരുളുന്നു. ഇവയെല്ലാം കുട്ടി ചെയ്യുന്നത് നിറഞ്ഞ ആഹ്ലാദത്തോടെയാണെന്നത് അവന്റെ ചിരി വെളിവാക്കുന്നുണ്ട്. ഈ ചെയ്തികളെല്ലാം സഗൗരവം നിരീക്ഷക്കുന്ന ഗുരു അവനോട് അരുതെന്ന് പറയുന്നില്ല. ഒരു തരത്തിലും അവനിൽ ഇടപെടുന്നില്ല. ഇതിനെല്ലം ശേഷം കുട്ടി അരുവിയിലേക്ക് ഒന്നുകൂടി ഊളിയിടുന്നു.ഗുരു തിരിച്ചു നടക്കുമ്പോൾ സാമാന്യം ഭാരവും വലിപ്പവുമുള്ള ഒരു കല്ല് എടുത്ത് കയ്യിൽ കരുതുന്നു .

പിന്നീട് നമ്മൾ കാണുന്നത് രാത്രിയിൽ ഉറങ്ങിക്കിടക്കുന്ന ശിഷ്യനെയാണ്. ഉറങ്ങിക്കിടക്കുന്ന അവന്റെ അരയിൽ പിൻഭാഗത്ത് ഗുരു വഴിയിൽനിന്ന് ശേഖരിച്ച വലിയ കല്ലു വെച്ചുകെട്ടുന്നു.പ്രഭാതത്തിൽ ഉറക്കമുണരുന്ന ശിഷ്യൻ അരയിലെ ഭാരവും താങ്ങി പുറത്തിരിക്കുന്ന ഗുരുവിന്റെ അടുത്തെത്തുന്നു. ഗുരുവിനോട് കല്ലിനെക്കുറിച്ച് പരാതിപ്പെടുന്നു. ഭാവഭേദങ്ങളില്ലാതെ ഗുരു തലേനാൾ അവൻ മൽസ്യത്തോടും തവളയോടും പാമ്പിനോടും ചെയ്തതിനെ ഓർമിപ്പിക്കുന്നു. അവയുടെ നോവുകളെ അവന്റെ നോവുകളാക്കിത്തീർക്കുന്നു. അവയുടെ അസ്വസ്ഥതകൾ ഓർമിപ്പിച്ച് അവനെ അസ്വസ്ഥനാക്കി. പോയി ആ ജീവികളെയെല്ലാം തേടിപ്പിടിച്ച് അവൻ ഏൽപ്പിച്ച ബന്ധനത്തിൽ നിന്നും മോചിപ്പിക്കാൻ ആവശ്യപ്പെടുന്നു . അവയെ മോചിപ്പിച്ചാൽ അവനെയും മോചിപ്പിക്കാമെന്നും, അവയിലേതെങ്കിലും ജീവനറ്റെങ്കിൽ ആ ഭാരം അവൻ ജീവിതാന്ത്യം വരെ പേറേണ്ടി വരുമെന്നും ഗുരു അവനെ ഉണർത്തുന്നു. തലേനാൾ താൻ ചിരിച്ച ചിരികളെയെല്ലാം വേദന മുറ്റിയ തേങ്ങലുകൾ കൊണ്ടവൻ പ്രായശ്ചിത്തം തീർക്കുന്നുണ്ട്. താങ്ങാനാവാത്ത ഭാരവും പേറി, വഞ്ചി തുഴഞ്ഞ്, ഉരുണ്ടും പിരണ്ടും മല കയറി ആദ്യം അവൻ മീനിനെപ്പിടിച്ച ജലാശയത്തിലെത്തുന്നു. അൽപസമയത്തെ തിരച്ചിലിനു ശേഷം ജീവനറ്റ പരൽ മീനിനെ കാണുന്നു. അതിനെയെടുത്ത് കെട്ടഴിച്ച് പശ്ചാത്താപപൂർവ്വം തലോടി, കരയിൽ മണലിൽ ഒരു ചെറു കുഴിയെടുത്ത് അതിൽ മറവു ചെയ്യുന്നു. പിന്നീട് അവൻ തവളയെ തേടിപ്പോകുന്നു. ഭാഗ്യവശാൽ അതിന്റെ ജീവൻ ഇനിയും നഷ്ടമായിട്ടില്ല. ആവേശത്തോടെ അതിനെയെടുത്ത് കെട്ടഴിച്ച് വെള്ളത്തിലേക്ക് തുറന്നുവിട്ട് അതിന്റെ ആനന്ദത്തിൽ പങ്കുചേരുന്നു.പിന്നീട് അൽപം ദൂരെ മാറി ജീവനറ്റു കിടന്ന പാമ്പിനെക്കാണുന്നു. അതിനെ കയ്യിലെടുക്കുമ്പോഴേക്കും സകല നിയന്ത്രണവും തെറ്റി അവൻ പൊട്ടിക്കരയുന്നുണ്ട്. രംഗങ്ങൾക്കെല്ലാം സാക്ഷിയായി ശിഷ്യൻ കാണാതെ ഗുരു പശ്ചാത്തലത്തിലുണ്ട്. ഇംഗ്ലിഷ് കവി കോളറി ഡ്ജിന്റെ ആൽബട്രോസ്സ് ഒരായിരം തവണ നമുക്കുള്ളി ലൂടെ വട്ടമിട്ട് പറക്കുന്നു.

ഈ സിനിമാശകലം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന നാനാർത്ഥങ്ങളിൽ പ്രധാന പരിഗണനകൾ മനുഷ്യ വിദ്യാഭ്യാസമെന്തെന്നതും അതിന്റെ പരിധി എവിടെയെന്നതുമാണ്. രണ്ടാമതായി, സഹജീവനത്തിൽ കരുണയുടെ പ്രസക്തിയാണ്. കരുണ വറ്റിക്കൊണ്ടിരിക്കുന്ന ഒരു കാലത്തെ ഹിംസയുടെ വിവിധ ഭാവങ്ങളിൽ പൊതിഞ്ഞ ദൃശ്യങ്ങളിലൂടെ നേരിട്ട കിംകിദുക് തന്റെ ഈ സിനിമയിലൂടെ മനുഷ്യ ബോധത്തിന്റെ സഹജകളങ്കങ്ങളെ കഴുകുന്നുണ്ട്. സിനിമയുടെ അവ സാനത്തെ അദ്ധ്യായമായ ശൈത്യത്തിലും ശിഷ്യനെ പൊള്ളിക്കുന്നത് താളപ്പിഴവിന്റെ ഈ കനലുകൾ തന്നെയാണ്. മാറി വരുന്ന ഋതുക്കളിലൂടെ പരിണാമ രൂപിയായ മനുഷ്യാവസ്ഥകളെ വരച്ചിടുന്ന കൃതി യ്ക്കുള്ള ഏറ്റവും നല്ല അടിത്തറയായി വസന്തം എന്ന ഈ തുടക്കഭാഗം സംവിധായകൻ ഉപയോഗിക്കുന്നുണ്ട്.

*മമ്മദ് 9495511377*


ആരായിരിക്കണം ഗുരു എന്നും എന്തായിരിക്കണം അദ്ധ്യയനമെന്നും ശിഷ്യ ജീവിതത്തിലെ ഗുരുവിന്റെ ദൗത്യമെന്തെന്നും കിം കി ദുക് സംവിധാനം ചെയ്ത *സ്പ്രിംഗ് സമ്മർ ഓട്ടം വിന്റർ ആന്റ് സ്പ്രിംഗ്* എന്ന സിനിമയുടെ ഒന്നാം അധ്യായം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മൂടിക്കെട്ടിയ മഴയിൽ
ഫ്യൂജി പർവ്വതത്തെ
കാണാനുള്ള പ്രയാസം
പോലും
എത്ര ചേതോഹരം

**-ബാഷോ**

**ഇക്കാ ടുളിയുടെ പുസ്തകം**
***പവർ ഓഫ് നൗ***

**ഭാഗം- രണ്ട്.**




# മനസ്സെന്ന മാന്ത്രികൻ

**സി.പി. സുരേഷ് ബാബു**

നമ്മുടെയൊക്കെ മൊബൈൽ ഫോണുകളിൽ ഇടക്കെല്ലാം വന്നെത്തുന്ന ഒരു മെസ്സേജ് ഉണ്ട്. "Ningalku ningale kurichulla TRUE FACTS ariyano? S.M.S. cheyyu. Date of birth mathram mathi"- ഒരാളുടെ Date of birth മാത്രമറിഞ്ഞാൽ അയാളുടെ മനസ്സിലുള്ള സകലതും അറിയാൻ കഴിയുന്ന ഒരു സങ്കേതം വികസിപ്പിച്ചെടുത്തിട്ടുണ്ട് എന്ന ധാരണയിൽ വിദ്യാസമ്പന്നർ കൂടി കാശുമുടക്കി ഈ വഞ്ചനയ്ക്ക് ഇരയാകുന്നു. അതിന്റെ തെളിവാണല്ലോ പൊടിപൊടിച്ച കച്ചവടവുമായി ഇവർ അരങ്ങുവാഴുന്നത്. സമാനമായ പല വഞ്ചനകളിലും മൊത്തമായും ചില്ലറയാകും നാം വഞ്ചിതരാവുന്നുണ്ട്. ഇവർക്കുള്ള ഉത്തരം ഒന്നേയുള്ളൂ. ഒരു ഹിറ്റ് സിനിമയിലെ കോമഡി കഥാപാത്രം പറയുന്ന കിടിലൻ ഡയലോഗ് "താനാരാണെന്ന് തനിക്കറിയില്ലെങ്കിൽ താൻ എന്നോട് ചോദിക്ക്. താൻ ആരാണെന്ന് അപ്പോൾ ഞാൻ തനിക്ക് പറഞ്ഞുതരാം, താൻ ആരാണെന്നും ഞാൻ ആരാണെന്നും...."

ഇക്കാ ടുളി രചിച്ച "POWER OF NOW" എന്ന പുസ്തകത്തിലെ ആശയങ്ങളിലൂടെ കടന്നുപോയപ്പോൾ എനിക്ക് തോന്നി തട്ടിപ്പുകാരാണ് മനുഷ്യമനസ്സിനെ ശരിക്കും മനസ്സിലാക്കിയവർ. അതുകൊണ്ട് തന്നെയാണ് നിരന്തരമായി നാം വഞ്ചിക്കപ്പെടുന്നതും അവർ വിജയിക്കുന്നതും. അവർക്കറിയാം നാം ഒട്ടും ശ്രദ്ധിക്കാതെ കിടക്കുന്ന മേഖല നമ്മുടെ സ്വന്തം മനസ്സാണെന്ന്!

**ദൈവം ഒളിവിൽ**

ദൈവത്തെ കുറിച്ച് ഞാൻ കേട്ട കഥകളിൽ ഏറ്റവും മനോഹരമായ ഒരു കഥയുണ്ട്. സസ്യങ്ങളുടെയും മൃഗങ്ങളുടെയും സൃഷ്ടി കഴിഞ്ഞ് അവരുടെ കൂടെ സന്തോഷത്തോടെയും സമാധാനത്തോടെയും ദൈവം ജീവിച്ചു. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചു കഴിഞ്ഞതോടുകൂടി ദൈവത്തിന് സ്വൈര്യമില്ലാതായി. എപ്പോഴും പരാതികളും സങ്കടങ്ങളും പറഞ്ഞ് അവർ ദൈവത്തെ ബുദ്ധിമുട്ടിക്കാൻ തുടങ്ങി.മനുഷ്യന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും മുഴുവനായി സാധിപ്പിച്ചു കൊടുക്കാൻ തനിക്ക് കഴിയില്ല എന്നറിഞ്ഞ് ദൈവം ഒരു നാൾ ഒളിവിൽ പോയി. എന്നാൽ എവിടെ പോയൊളിച്ചാലും മനുഷ്യൻ ദൈവത്തെ കണ്ടെത്തി. മനുഷ്യന്റെ ശല്യമില്ലാത്ത ഒരു സ്ഥലത്ത് ഒരു ദിവസമെങ്കിലും ഒളിക്കണമെന്ന് ദൈവം തീർച്ചയാക്കി. എന്നാൽ അങ്ങനെയൊരു സ്ഥലം എത്ര തിരഞ്ഞിട്ടും കണ്ടെത്താൻ ദൈവത്തിനു കഴിഞ്ഞില്ല. അവസാനം ദൈവത്തിന്റെ വിഷമം കണ്ടറിഞ്ഞ ഒരു കുഞ്ഞുറുമ്പ് ദൈവത്തോട് പറഞ്ഞു: "മനുഷ്യന്റെ മനസ്സിനുള്ളിൽ ഒളിച്ചാൽ മതി അവൻ തീരെ നോക്കാത്ത സ്ഥലം അതുമാത്രമാണ്." കുഞ്ഞുറുമ്പിന് നന്ദി പറഞ്ഞ് ദൈവം ഓരോ മനുഷ്യരുടെയും മനസ്സിന്റെ അന്തരാളങ്ങളിൽ പാർക്കാൻ തുടങ്ങി. അവന്റെ മനസ്സാക്ഷിയായി. അന്നു മുതൽ ഇന്നുവരെ ആരും ദൈവത്തെ ശല്യപ്പെടുത്തിയിട്ടില്ല. ഇന്നും ദൈവം സുഖമായി മനുഷ്യ മനസ്സിൽ വിശ്രമിക്കുകയാണ്. വെറുതെയാണോ എത്ര തിരഞ്ഞിട്ടും ദൈവത്തെ കാണാത്തത്?

**Mind Your Mind**

മറ്റുള്ളവരുടെ മനസ്സിരുപ്പ് എന്താണെന്നറിയാൻ നമുക്കെല്ലാം എന്തൊരു കൗതുകമാണ്! അത് ഗണിച്ച് പറയാൻ എന്തൊരു ഉത്സാഹമാണ്! എന്നാൽ അവനവന്റെ മനസ്സിനെ ഒരിക്കലെങ്കിലും നിരീക്ഷിച്ചിട്ടുണ്ടോ? Event Management കാർ ആരെങ്കിലും അതും നിവർത്തിച്ചു തന്നാൽ സന്തോഷമായി. കേരളത്തിൽ നടമാടുന്ന തുടരൻ കബളിപ്പിക്കൽ വിദ്യകളുടെ സൂത്രധാരൻ മനുഷ്യമനസ്സിന്റെ സ്വഭാവത്തെ കണ്ടറിഞ്ഞ സൂപ്പർ തസ്കരൻമാരാണ്. അവർ പല വേഷത്തിലും ഭാവത്തിലും വരും. ഇനിയെങ്കിലും സ്വന്തം മനസ്സിലേക്ക് നോക്കാൻ തുടങ്ങിയില്ലെങ്കിൽ "അവർ വീണ്ടും വരും അവരുടെ ചാത്തൻമാരുമായി വന്ന് അവർ ഉദ്ദേശിച്ച സ്ഥലത്ത് നമ്മെ കൊണ്ടെത്തിക്കും".

നമ്മളെക്കുറിച്ചറിയാൻ നമുക്കു തന്നെയേ കഴിയൂ. പക്ഷേ നമ്മൾ ശ്രമിക്കണം- ആ ശ്രമം with careless care and effortless effort ആകണം. അതിന് ഭാഷയിൽ വാക്കില്ല അത് അനുഭവിച്ചു തന്നെയറിയണം. സാന്ദർഭികമായി പറയട്ടെ അപ്പത്തിന്റെ ഇപ്പം കഴിഞ്ഞ ലക്കത്തിൽ മാസികയിൽ പ്രസിദ്ധീകരിച്ചപ്പോൾ ഒരു സുഹൃത്ത് ആശങ്കപ്പെട്ടു. ഇത് പാശ്ചാത്യന്റെ കബളിപ്പിക്കലല്ലേ? നമ്മെ കൊണ്ട് കൂടുതൽ പണിയെടുപ്പിക്കാനുള്ള ക്യാപ്പിറ്റലിസ്റ്റ് തന്ത്രമല്ലേ?

*തട്ടിപ്പുകാരാണ് മനുഷ്യമനസ്സിനെ ശരിക്കും മനസ്സിലാക്കിയവർ. അതുകൊണ്ട് തന്നെയാണ് നിരന്തരമായി നാം വഞ്ചിക്കപ്പെടുന്നതും അവർ വിജയിക്കുന്നതും. അവർക്കറിയാം നാം ഒട്ടും ശ്രദ്ധിക്കാതെ കിടക്കുന്ന മേഖല നമ്മുടെ സ്വന്തം മനസ്സാണെന്ന്..*

മനസ്സിന്റെ കബളിപ്പിക്കൽ വിദ്യയുടെ ക്ലാസ്സിക് എക്സാംപിൾ ആണ് സുഹൃത്തിന്റെ സംശയം- Power of Now എന്ന പുസ്തകത്തിലെ ആശയങ്ങൾ ചിന്തിക്കാനും പ്രചരിപ്പിക്കാനും ഉള്ളതല്ല എന്ന എന്ന് Tolle തന്നെ പറയുന്നുണ്ട്. അത് അനുഭവിക്കാനുള്ളതാണ്. വർത്തമാനത്തിൽ ജീവിച്ചുകൊണ്ട് ആ അനുഭവം നമ്മെ സന്തുഷ്ടരാക്കുന്നുണ്ടോ എന്ന് നാം തന്നെ നിരീക്ഷിച്ചാൽ മതി. സുഹൃത്ത് സ്വയം കബളിപ്പിക്കാൻ ഇഷ്ടപ്പെടുന്നില്ലല്ലോ. Power of Now ലെ ആശയങ്ങൾ പുതിയതല്ല നാം തന്നെ അനുശീലനം ചെയ്യുന്ന നിരവധി കാര്യങ്ങൾ Power of Now ൽ പ്രതിപാദിച്ചിട്ടുണ്ട്. അതിലേക്ക് പിന്നീട് വരാം.

**മനസ്സിനക്കരെ**

മനസ്സറിയാതെ മനസ്സുകൊണ്ട് എന്നെ മനസ്സിനക്കരെയെത്തിക്കണം. വല്ലതും മനസ്സിലായോ? മനസ്സിലാക്കാൻ ശ്രമിച്ചാലും കുഴങ്ങും .മനസ്സിലായില്ലെങ്കിലോ ഈ ദു:ഖവും സഹിച്ച് ജീവിതകാലം മുഴുവനും കഴിഞ്ഞുകൂടാം. ഇങ്ങനെയൊക്കെ കഴിഞ്ഞുകൂടിയാൽ പോരാ എന്ന് ചിന്തിക്കുന്നവർ എന്തായാലും തുടർന്നു വായിക്കണം. വായന തുടരാൻ ആഗ്രഹിക്കാത്തവർ ഭാഗ്യവാൻമാർ. കാരണം അവർ ജീവിക്കുന്നത് വർത്തമാനത്തിലാണ്. *(തുടരും)*

***സുരേഷ് ബാബു 9447980530***

## മൊഴികൾ

*ഒരുപാട് ആലോചിച്ചിരുന്ന് ഒന്നും ചെയ്യാതെ ഒടുവിൽ ഒന്നിനും കൊള്ളാത്ത പഴംതുണി പോലാക്കി ജീവിതം മാറ്റരുത്. മുന്നിലുള്ള കാര്യം വളരെ നന്നായി ചെയ്താൽ മതി.*

**-തെങ്ങിനകത്ത് കുഞ്ഞിമാൻ ഹാജി**

# യാത്ര വീടുകളിലേക്കു പോകാം

ഏറെ കാലത്തിനുശേഷമാണ് ഞങ്ങൾ വയനാട്ടിലെ കൂട്ടുകാരുടെ പുതിയ വീട്ടിലെത്തുന്നത്. മകളുണ്ടായതിൽപിന്നെ യാത്രകൾ തീരെ കുറഞ്ഞു പോയിരുന്നു. നീണ്ട ബസ്സ്, തീവണ്ടിയാത്രക്കു ശേഷം ചുരംകേറി അവരുടെ വീട്ടിലെത്തുമ്പോൾ നല്ല തണുപ്പ്. ആ ദിവസം മുഴുവനും അവിടത്തെ കുട്ടികൾക്കൊപ്പം കഴിഞ്ഞു. അവർക്കും അത് വല്ലാത്ത സന്തോഷം നൽകി. വയനാട്ടിലെത്തുന്ന അവരുടെ സുഹൃത്തുക്കളെല്ലാം ഓരോ സ്ഥലങ്ങൾ, കാഴ്ചകൾ, കാണാനാണ് ചെല്ലുന്നത്. ഒരു രാത്രിയോ മറ്റോ തങ്ങി, അവരെല്ലാം മടങ്ങിപ്പോകും. ഇതാദ്യമായാണ്, മറ്റെവിടേക്കും കാഴ്ച കാണാൻ ഇല്ലാതെ, പോകാനില്ലാതെ, തിരക്കൊഴിഞ്ഞ് ചിലർ അവരുടെ വീട്ടിൽ കൂടാൻ വേണ്ടി മാത്രം ചുരംകടന്നു വരുന്നത്. അവരുടെ മുറ്റത്തും തൊടിയിലും അടുക്കളയിലും അയൽവീട്ടിലും ഒക്കെയായി അവധിദിവസങ്ങൾ ഞങ്ങൾ ആനന്ദത്തോടെ കഴിഞ്ഞു. തിരിച്ചുപോരുമ്പോൾ ഒരല്പം സങ്കടം. വീണ്ടും വരാമെന്ന് ഒരോർമ്മപ്പെടുത്തൽ. ആൾത്തിരക്കുള്ള, കേൾവികേട്ട സ്ഥലങ്ങൾക്കൊപ്പം ജീവിതത്തെ നനവോടെ നിലനിർത്തുന്നത് ജൈവമായ ചെറുവീടുകൾ കൂടിയാണല്ലോ? ചില ചെറിയ മനുഷ്യരും.

**കലാചന്ദ്രനും പ്രതീഷും**

*ജീവിതം അനന്തമായ ഒരു നിഗൂഢതയാണ്. അതിനാൽ അറിവുകളെ കൊണ്ട് നിറഞ്ഞിരിക്കുന്നവർക്ക് ജീവിതം നഷ്ടമായിത്തീരുന്നു.*

***-ഓഷോ***

## പരസ്യമില്ലാതെ....



**പരസ്യമില്ലാതെ, ചില്ലറ വിൽപ്പനയില്ലാതെ ലിറ്റിൽ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത് കുറച്ചു പേരുടെ വരിസംഖ്യ ഒന്നിച്ചുകിട്ടുന്നതുകൊണ്ടാണ്. ഓരോ മാസവും കുറച്ചു പഴയ വരിക്കാർ വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ കണ്ടെത്തി തന്നും സഹായിച്ചാൽ മാസിക കൃത്യമായി പുറത്തിറങ്ങും. 100 രൂപ അയച്ചുതന്ന് വരിസംഖ്യ പുതുക്കിയും വരി ചേരാൻ തയ്യാറുള്ള രണ്ടുപേരുടെയെങ്കിലും വിലാസങ്ങൾ അയച്ചു തന്നും ദയവായി സഹായിക്കുഇന്നുതന്നെ പോസ്റ്റോഫീസ് സന്ദർശിക്കുക!**

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,മലപ്പുറം-679334

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*

*അക്കൗണ്ട് നമ്പർ -* ***ബിജു ജോൺ***

***0857101067932 (കാനറ ബാങ്ക്***

***എടക്കര ശാഖ)***

## പലലോക കവിതകൾ



ഹീബ്രു കവിത

# ഓർമ്മ

**യഹൂദ അമിച്ചായ്**

ഒരാളിനെ മറന്നുപോവുക
വീടിനു പിൻവശത്തെ
ലൈറ്റണയ്ക്കാൻ മറക്കുന്നതുപോലെയാണ്.
പകൽ മുഴുവൻ
അത് കത്തിക്കൊണ്ടിരിക്കുന്നു.
എങ്കിലും അതേ പ്രകാശം തന്നെയാണ്
മറന്നതിനെ ഓർമ്മപ്പെടുത്തുക.

# കുട്ടിത്തം

**സുകേതു**

കുതറിയോടും കുട്ടിത്തം
കുതിച്ചുപായും..
തീർച്ചയായും തടയണം,
തടയണ തന്നെ വേണം.
പക്ഷേ തടയണ എണ്ണം
അധികമാകുമ്പോൾ-കുട്ടിത്തം
ഒഴുക്ക് മുട്ടും, ഒഴുക്ക് മറക്കും..
അഴുക്ക് അടിയും;
അടിഞ്ഞുകൂടും!

*നോട്ടീസ്*

## *സംസ്ഥാനതല പരിസ്ഥിതി ക്യാമ്പ്*

*പരിസ്ഥിതി സംരക്ഷണം,ജൈവകൃഷി, സുസ്ഥിര ചൃജീവിതം,നാട്ടറിവ്,ഊർജ്ജസംരക്ഷണം,വനദർശൻ, എന്നിവയിൽ താൽപ്പര്യമുള്ളവർക്കായി നിലമ്പൂർ പ്രകൃതി പഠനകേന്ദ്രവും ലിറ്റിൽ മാസികയും ചേർന്ന് 2015 ഡിസംബർ 24,25,26 തിയിതികളിൽ നീലമ്പൂരില വെച്ച് സംസ്ഥാന പരിസിതി ക്യാമ്പ് നടത്തപ്പെടുന്നു. താൽപ്പര്യമുള്ളവർ ബന്ധപ്പെടുക-*

*നിലമ്പൂർ പ്രകൃതി പഠനകേന്ദ്രം,*
*നിലമ്പൂർ-679329*
*ഫോ : 9946892575*

# വായനക്കാരോട്



കൃത്യതയുടെ കാര്യത്തിൽ മാസിക പരാജയം സമ്മതിക്കുന്നു. വളരെ കുറച്ച് പേർ അത്യദ്ധ്വാനം ചെയ്ത് പുറത്തിറങ്ങുന്ന ഒരു അമേചർ മാസികയായതിനാൽ ഓരോ മാസവും കൃത്യമായി പ്രസിദ്ധീകരിക്കാൻ കഴിയുന്നില്ല. പ്രവർത്തകരിലൊരാളുടെ ശാരീരിക അസ്വസ്ഥതയോ ജോലിഭാരമോ പോലും മാസികയുടെ താളം തെറ്റിച്ചേക്കാം. ഹിന്ദുവും മലയാള മനോരമയും മാതൃഭൂമിയുമൊക്കെ കമ്പനികളായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളാണ്. നിയമത്തിന്റെ ഭാഷയിൽ കമ്പനികൾ പ്രത്യേക വ്യക്തികളാണ്. അതിന്റെ ഡയറക്ടർമാരും മെമ്പർമാരും ഒക്കെ വരികയും പോകുകയുമൊക്കെ ചെയ്യും. എന്നാൽ കമ്പനിക്ക് മാത്രം മരണമില്ല. അവിടെ വ്യക്തികൾക്ക് പ്രാധാന്യമില്ല.

എന്നാൽ ലിറ്റിൽ മാഗസിനുകൾ? അവയുടെ ജീവിതം വഴിയരികിൽ കെടാതെ കൊളുത്തിവെച്ച ഒരു ചെറിയ മെഴുകുതിരി പോലെയാണ്. ഏതുസമയവും കത്തി തീർന്നേക്കാം. അല്ലെങ്കിൽ ഇളം കാറ്റുകൊണ്ടു പോലും അണഞ്ഞുപോയേക്കാം. പത്രാധിപരുടെ അല്ലെങ്കിൽ പത്രാധിപരോടൊപ്പം നിൽക്കുന്ന രണ്ടോ മൂന്നോ പേരുടെ ആയുസ്സോളം മാത്രമേ പരമാവധി ലിറ്റിൽ മാഗസിനുകൾ നിലനിൽക്കൂ. ജീവിതത്തിന്റെ എല്ലാ ആക്സ്മികതകളും ക്ഷണികതയും നിറഞ്ഞ ലിറ്റിൽ മാഗസിൻ ജീവിതത്തിന്റെ എല്ലാ ദൗർബല്യങ്ങളും അറിഞ്ഞുകൊണ്ടുതന്നെയാണ് സുഹൃത്തുക്കൾ വരിസംഖ്യയും മറ്റും അയക്കുന്നതെന്നറിയാം. എങ്കിലും ചില സുഹൃത്തുക്കൾ പരിഭവിക്കുന്നു. ചില ലക്കങ്ങൾ കിട്ടിയില്ല. എല്ലാവരോടും പറയുന്ന ഒരു ത്തരം വീണ്ടുമാവർത്തിക്കുന്നു. മാസിക അയക്കാതിരുന്നതല്ല. മാസിക ഇറങ്ങിയിട്ടുതന്നെയില്ലാത്തതാവാം മാസിക കിട്ടാതിരിക്കുന്നതിന്റെ കാരണം. ഒക്ടോബർ, നവംബർ ലക്കങ്ങൾ മുടങ്ങി. സുഹൃത്തുക്കളുടെ കരുതലും സ്നേഹവും തുടർന്നും പ്രതീക്ഷിക്കുന്നു.

**- ലിമാ**



# ചെറിയ സമയത്തെ യാത്രകൾ

### വളരെ ചെറിയ സമയം കൊണ്ടുമാവാം നല്ല യാത്രകൾ..

**ചന്ദ്രബാബു തൃക്കലങ്ങോട്**

അവിചാരിതമായി കിട്ടിയ ഒരു ഒഴിവുദിവസം എങ്ങനെ പരമാവധി ഉപയോഗപ്പെടുത്താം എന്ന ആലോചന കൊണ്ടെത്തിച്ചത് മനസ്സിലേറെ കാലമായി ആഗ്രഹിച്ചിരുന്ന പഴനി-മധുര യാത്രയിലേക്കാണ്. സുഹൃത്തും ബന്ധുവുമായ ഒരു ചങ്ങാതിയെ കൂട്ടിന് കിട്ടി. ഒരു പകൽ മാത്രമേ മാറിനിൽക്കാൻ കിട്ടുമായിരുന്നുള്ളൂ. അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്ര രാത്രിയിലാക്കിയാൽ ഒരു പകൽ മാത്രം അവധിയെടുത്താൽ മതി. അങ്ങനെ യാത്രാദിവസം ജോലി കഴിഞ്ഞ് വൈകുന്നേരം ഏഴ് മണിയോടെ മലപ്പുറത്തു നിന്നും പാലക്കാട് വഴി പൊള്ളാച്ചിയിലേക്കുള്ള ബസ്സിൽ കയറി. രാത്രി പത്ത് മണിയോടെ പൊള്ളാച്ചിയിൽ. ബസ് സ്റ്റാന്റിനടുത്തുള്ള തട്ടുകടയിൽ നിന്നും ദോശയും സാമ്പാറും കഴിച്ചു. ഉടൻ തന്നെ മധുരയിലേക്കുള്ള ബസ്സും കിട്ടി. തമിഴ്നാട് സർക്കാരിന്റെ പുഷ് ബാക്ക് സീറ്റോടുകൂടിയ ബസ്സിലെ യാത്ര ഉറക്കത്തെ വല്ലാതെയൊന്നും തടസ്സപ്പെടുത്തിയില്ല. പുലർച്ചെ നാല് മണിയോടെ മധുരയിലെത്തി. തുടർന്ന് മിനിമം ബസ് ചാർജ്ജിൽ മധുര മീനാക്ഷി ക്ഷേത്രത്തിലേക്ക് വീണ്ടും യാത്ര. വൈഗാ നദിക്ക് കുറുകെ കടന്ന് ക്ഷേത്രനഗരത്തിലെത്തി. ക്ഷേത്രപരിസരത്തെ പബ്ലിക് ടോയ്‌ലറ്റിന്റെ വൃത്തി അത്ഭുതപ്പെടുത്തി. വേറെ മുറിയെടുക്കാൻ അതുകൊണ്ടുതന്നെ തോന്നിയുമില്ല.

നേരം വെളുക്കുന്നതോടെ മീനാക്ഷിയുടെ തെരുവ് പൂ കച്ചവടക്കാരികളുടെ കയ്യിലമർന്നു. പലതരം പുഷ്പഗന്ധങ്ങളാൽ ക്ഷേത്രപരിസരം നിറഞ്ഞു. ഒറ്റ ദിവസത്തെ യാത്ര മുന്നിൽ കണ്ടതുകൊണ്ട് വളരെ കുറച്ച് ലഗേജേ കരുതിയുള്ളൂ. തീരെ ചെറിയ ഹാൻഡ് ബാഗ് യാത്രയെ കൂടുതൽ ആയാസരഹിതമാക്കി. ബാഗ് ക്ഷേത്ര കൗണ്ടറിലേൽപിച്ച് ടോക്കൺ വാങ്ങിയതോടെ പരിപൂർണ്ണ സ്വാതന്ത്ര്യമായി.

വിശ്വാസത്തിന്റെ തരത്തിലായിരുന്നില്ല യാത്ര. മറിച്ച് വെറുമൊരു കേവല യാത്രികന്റെ കൗതുകമായിരുന്നു മനസ്സിൽ. മധുര മീനാക്ഷി ക്ഷേത്രം ജീവിതത്തിലൊരിക്കലെങ്കിലും കാണേണ്ടതാണെന്നും അല്ലെങ്കിൽ അതൊരു വലിയ നഷ്ടമായിരിക്കുമെന്നുമുള്ള തിരിച്ചറിവാണ് ക്ഷേത്ര കാഴ്ച പ്രാഥമികമായി തന്നത്. ദ്രാവിഡ-ശിൽപ-നിർമ്മാണ കലയുടെ എക്കാലത്തെയും വലിയ അടയാളമാണ് കരിങ്കല്ലിൽ തീർത്ത ഈ മഹാക്ഷേത്രം. ആയിരക്കണക്കിന് സ്തൂപങ്ങൾ. അവയിലെല്ലാം തന്നെ വ്യത്യസ്തവും എണ്ണമറ്റതുമായ ശില്പരൂപങ്ങൾ. മൂന്ന് മണിക്കൂറോളം ക്ഷേത്രം ചുറ്റിനടന്ന് കണ്ടിട്ടും വിസ്മയം തീരുന്നില്ല. മധുര മീനാക്ഷി ദർശനത്തിന് രണ്ട് ക്യൂവാണ് കണ്ടത്. ഒന്ന് സാധാരണക്കാരന്റെ ക്യൂവും മറ്റേത് കൂടുതൽ പണം കൊടുത്താൽ പെട്ടെന്ന് ദർശനം തരപ്പെടുത്തുന്ന പണക്കാരുടെ ക്യൂവും.

മധുരയ്ക്ക് ചുറ്റുമുള്ള പ്രധാന കോവിലുകളും മറ്റ് യാത്രാ സ്ഥലങ്ങളെയും കുറിച്ചും നേരത്തെ തന്നെ മനസ്സിലാക്കി വെച്ചിരുന്നതിനാൽ സമയനഷ്ടം കൂടാതെ അവയൊക്കെ കാണാൻ കഴിഞ്ഞു. മൂന്ന് കിലോമീറ്റർ മാത്രം അകലെയുള്ള പ്രസിദ്ധമായ മാരിയമ്മൻ തപ്പക്കുളം പതിനാറ് ഏക്രയിൽ വിശാലമായി കിടക്കുന്ന തടാകമാണ്. എന്നാൽ ഒരുതുള്ളി വെള്ളം പോലും തടാകത്തിലില്ലായിരുന്നു. തുടർന്ന് തിരുപ്രകണ്ടത്തേക്കുള്ള ബസ്സ് പിടിച്ചു. വളരെ പുരാതനമായ കല്ലിൽ തീർത്ത ശിലാക്ഷേത്രവും അടുത്തുതന്നെ മറ്റ് മതങ്ങളുടെ ആരാധനാലയങ്ങളും സമ്മേളിക്കുന്ന ഈ സ്ഥലം വളരെ പ്രസിദ്ധമാണ്. ഉച്ചയ്ക്ക് രണ്ട് മണിയോടെ അവിടെ നിന്ന് പഴനിയിലേക്കുള്ള ബസ്സിൽ കയറി. രാത്രി എട്ട് മണിയോട് പഴനി മല കയറി തിരിച്ചിറങ്ങി. തുടർന്ന് പൊള്ളാച്ചി വഴി മടക്കം. പിറ്റേന്ന് പുലർച്ചെ ആറ് മണിയോടെ മലപ്പുറത്ത് തിരിച്ചെത്തി. വീട്ടിലെത്തി കുളിച്ചൊരുങ്ങി പതിവുപോലെ ജോലി സ്ഥലത്ത് എത്തുകയും ചെയ്തു. ഭക്ഷണമടക്കം ഒരാൾക്ക് ആയിരം രൂപയിൽ താഴെ മാത്രമേ ചിലവ് വന്നുള്ളൂ. പെട്ടെന്ന് കിട്ടുന്ന ചെറിയ ഒഴിവു വേളകൾ പരമാവധി ഉപയോഗിച്ച് നല്ല യാത്രകൾ നടത്താമെന്ന് ഈ അനുഭവം ബോധ്യപ്പെടുത്തി.

*ചന്ദ്രബാബു 9495093319*

# വീണ്ടും ഒരു പശുക്കാര്യം

**കരിം.കെ.പുറം**

ഏതാനും വർഷങ്ങൾക്കുമുമ്പ് സുഭാഷ് പലേക്കർ എന്റെ അയൽഗ്രാമമായ അഷ്ടമിച്ചിറയിൽ വന്ന് നാടൻപശുവിനെ കുറിച്ചും, നാടൻ പശുവിന്റെ ഉൽപന്നമായ ജീവാമൃതത്തെ കുറിച്ചും നടത്തിയ ശില്പശാലയിൽ നിന്നും ആവേശം ഉൾക്കൊണ്ട് കൊണ്ടാണ് ഞാനെന്റെ ചെമ്പിയെ വീട്ടിലേക്ക് കൊണ്ടുവന്നത്. അവളോടൊപ്പം സുന്ദരിയും സുശീലയുമായ നന്ദിനിയുമുണ്ടായിരുന്നു. ചെമ്പിയെ എനിക്ക് തന്നവർ കുറച്ചുനാൾ കഴിയുമ്പോൾ നന്ദിനിയെ അവർ കൊണ്ടുപോകുമെന്ന് പറഞ്ഞിരുന്നു. ചെമ്പിയുടെ പാലിന്റെ നിറമെന്തെന്ന് പോലും ഞങ്ങളാരും കണ്ടില്ല. അത് നന്ദിനി കുടിച്ചുവളർന്നു. ഒരു ദിവസം നന്ദിനിയെ അവർ വന്ന് കൊണ്ടുപോയി. പിന്നെ ചെമ്പി തനിച്ചായി താമസം. അവൾക്ക് വേണ്ടി ഞങ്ങൾ വിറക്പുരയോട് ചേർന്ന് ഒരു വീട് പണിതു. രാവിലെ നിറഞ്ഞു പുല്ല് പിടിച്ചുനിൽക്കുന്ന പാടത്ത് കൊണ്ടുപോയി അവളെ കെട്ടും. വൈകുന്നേരം അഴിച്ച് കൊണ്ടുവരുമ്പോൾ കയറെങ്ങാൻ കൈവിട്ട് പോയാൽ അവൾ വീട്ടിൽ കയറാതെ നേരെ തെക്കോട്ടോടും. കഴുത്തിൽ മണിയുണ്ടായിരുന്നതുകൊണ്ട് എവിടെയാണ് ചെന്നുപെട്ടിരിക്കുന്നതെന്നറിയാൻ കഴിഞ്ഞിരുന്നെങ്കിലും അവളെ കണ്ടെത്തി തിരിച്ചുകൊണ്ട് വരിക ശ്രമകരമായിരുന്നു. വൈകിട്ട് ഒരു ബക്കറ്റ് വെള്ളം വീട്ടുമുറ്റത്ത് വെച്ചിട്ടാണ് ചെമ്പിയെ അഴിക്കാൻ പോവുക. വരും വഴി അവൾക്ക് ആവശ്യമുള്ളത് അവൾ കുടിക്കും. നേരെ തൊഴുത്തിലേക്ക് കയറിപ്പോകും. ഇങ്ങനെ തുടരുന്നതിനിടയിൽ ഒരു പ്രാവശ്യം മൃഗഡോക്ടറെക്കൊണ്ടും രണ്ട് പ്രാവശ്യം നാട്ടിലെ മലനാട് ഗിഡ എന്ന അവളുടെ തന്നെ കുലത്തിലെ മണവാളനെ കൊണ്ടും അവളെ പരിണയിപ്പിച്ചു. പക്ഷേ തിന്ന് കൊഴുക്കുന്നതിനിടയിൽ അവൾ അമ്മയാവാൻ തയ്യാറായില്ല. വരുമ്പോൾ മെലിഞ്ഞുണങ്ങിയിരുന്ന ചെമ്പി നന്നായി തടിച്ചുകൊഴുത്തു. എനിക്കാണെങ്കിൽ അവളിൽ ഒരു കുഞ്ഞിക്കാല് കാണാനതിയായ ആഗ്രഹമുണ്ടായിരുന്നു. ആ കുട്ടിയെ വിളിച്ചാൽ വിളിപ്പുറത്ത് വരുന്ന രീതിയിൽ വളർത്തിയെടുക്കണമെന്നത് എന്റെ ആഗ്രഹമായിരുന്നു. പക്ഷേ അവൾ അമ്മയായില്ല. എങ്കിലും അവളെ വിട്ടുകളയാൻ പ്രയാസമായിരുന്നത് കൊണ്ടും, അവളെ അഴിച്ചുകെട്ടുക എന്ന പണി മാത്രമേ ചെയ്യേണ്ടതുണ്ടായിരുന്നതൊള്ളൂ എന്നത് കൊണ്ടും അവൾ അങ്ങിനെ ഞങ്ങളുടെ മൂന്ന് മക്കളിൽ ഒരുവളായി ജീവിച്ചുപോന്നു. അങ്ങനെയിരിക്കെ എന്റെ ഗ്രാമത്തിൽ തന്നെ ഒരു ഗർഭിണിയായ നാടൻപശുവുണ്ടെന്നും, അതിനെ വിൽക്കുവാൻ പോവുകയാണെന്നും അറിഞ്ഞു-അങ്ങിനെയാണ് ചെമ്പിയെ കൊടുത്ത് അതിനെ വാങ്ങാമെന്ന 'വിനാശകാലേ വിപരീതബുദ്ധി' എന്നിലുദിച്ചത്. എന്റെ പശുവിനെ വിൽക്കാമെന്നും അറവുകാർക്ക് കൊടുക്കില്ലെന്നും ഞാൻ പലരോടും പറഞ്ഞുവെച്ചു. സ്ഥിരമായി നാടൻപശുക്കളെ വാങ്ങുകയും വളർത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു സുഹൃത്ത് 20,000 രൂപ കിട്ടുമെങ്കിൽ അതിനെ കൊടുത്തുകൊള്ളൂ എന്നും നിർദേശിച്ചു. ഒരു ദിവസം ഒരാള് വന്ന ഒരു ഫാമിലേക്കാണെന്നും പറഞ്ഞ് 20,000 രൂപ തന്ന് ചെമ്പിയെ വാങ്ങിക്കൊണ്ടുപോയി. പറഞ്ഞുപോയ വാക്ക് തെറ്റിക്കുന്നത് ശരിയല്ലെന്നതുകൊണ്ടും നിരവധി വെറൈറ്റികളുള്ള ഒരു ഫാമിലേക്കല്ലേ അവൾ പോകുന്നതെന്നുമുള്ള സമാധാനത്തിലുമാണ് വിറക്കുന്ന കൈകളോടെ ആ പണം വാങ്ങിയത്. പിറ്റേന്ന് തന്നെ 20,000 രൂപ കൊടുത്ത് ഗർഭിണിയായ നാടൻ പശുവിനെ കൊണ്ടുവന്നു. ഗർഭിണിപ്പശുവിന്റെ ഉടമസ്ഥർ പശുവിനെ തരുമ്പോൾ അവൾ അൽപം ഇടഞ്ഞിരുന്നു. രണ്ട് ദിവസം അൽപം ഇടച്ചിൽ കാണിച്ചാലും താനേ ഇണങ്ങിക്കൊള്ളും എന്നു കരുതി പശുവിനെ നടത്തിക്കൊണ്ടുതന്നെ കൊണ്ടുവന്നു. ചെമ്പിയെ കെട്ടിയിരുന്ന പാടത്ത് തന്നെ ഈ ഗർഭിണിയെ കെട്ടി. തിരിച്ചു നടക്കുന്നതിനിടയിൽ അവൾ പെട്ടെന്നൊരോട്ടം. അപ്രതീക്ഷിതമായി കുറ്റിയിൽ കയറ് കെട്ടിയിടത്ത് നിന്നുകൊണ്ടു തന്നെ ഓടിയ ഓട്ടത്തിൽ കയറിൽ കുരുങ്ങി ഞാൻ മറിഞ്ഞ് കെട്ടിവീണു. നടുവും കുത്തിയാണ് വീണത്. കൂടാതെ കയറ് കാലിൽ വരിഞ്ഞുമുറുകിയിരുന്നു. കുറച്ചുനേരം എനിക്ക് ബോധം പോയി. വീഴ്ചയിൽ കയറിന്റെ വടത്തിൽ നിന്നും പുറത്തേക്ക് തെറിച്ച് വീണത് കൊണ്ട് രണ്ടാമത്തെ ഓട്ടത്തിൽ എന്റെ ദേഹത്ത് പശു ചവിട്ടിയില്ല. ഞാൻ ഒരു വിധേന എഴുന്നേറ്റ് പതുക്കെ പതുക്കെ നടന്ന് വീട്ടിലെത്തി. കട്ടിലിൽ കിടന്നു. പിന്നെ സ്വയം എഴുന്നേൽക്കാൻ കഴിഞ്ഞില്ല. ഈ ഘട്ടത്തിൽ ഇനി ഈ പശുവിനെ നോക്കാൻ എനിക്ക് കഴിവില്ലാത്തതുകൊണ്ട് തന്നവർക്ക് തന്നെ 1000 രൂപ നഷ്ടത്തിൽ ഈ ഗർഭിണിപ്പശുവിനെ തിരിച്ചുകൊടുത്തു. പിന്നീടാണറിഞ്ഞത് ഈ പശു ഇന്നുവരെ പുറംലോകം കണ്ടിട്ടില്ലെന്ന്. തൊഴുത്തും അതിന്റെ മുറ്റവും മാത്രമേ ഈ പശു കണ്ടിട്ടുണ്ടായിരുന്നുള്ളൂ. പാടത്തൊന്നും അതിനെ അഴിച്ചു കെട്ടിയിരുന്നില്ല. എന്തായാലും ആ പശു എന്റെ ജീവിതം മാറ്റിമറിച്ചു. ഇപ്പോൾ സുതാര്യമായി നടക്കാൻ പറ്റാത്ത വിധം ഞാനൊരു അസുഖക്കാരനായി. പശുവിനെ വളർത്തിയതുകൊണ്ടുള്ള ദുര്യോഗമല്ല. സ്വാഭാവികമായ വിധി. എന്റെ ചെമ്പി എന്റെ ഐശ്വര്യമായിരുന്നു. എന്റെ കൃഷിയുടെ നെടുംതൂണായിരുന്നു. അവൾ പോയതോടെ എന്റെ കൃഷിയുടെ ഗ്രാഫ് താഴ്ന്നു. ഇത്തവണ വെറുതെ വിതച്ചിട്ട് പാടത്തു നിന്നും പോന്നു. കളപറിക്കാനോ, വളമിടാനോ ഒന്നും പോയിട്ടില്ല. എല്ലാം ശരിയായി വീണ്ടും ഒരു നാടൻ പശുക്കുട്ടിയെ വാങ്ങി കുടുംബമാക്കി വളർത്തി പരിപാലിച്ച് കർഷകനായി തന്നെ തുടർന്നും ജീവിക്കണമെന്നാണെന്റെ ആഗ്രഹം.

*കരിം കെ.പുറം 9495040513*



**മൊഴിയാഴങ്ങൾ/ ഷൗക്കത്ത്**

മലമുകളിലോ കടൽക്കരയിലോ പുഴയോരത്തോ സ്വകാര്യമുറിയിലോ എവിടെയുമാകട്ടെ; ശരീരത്തിന് സ്വാഭാവികമായും അയവുണ്ടാകുന്ന ഒരിടത്ത് വെറുതെയിരിക്കുക. ഉള്ളിലുണരുന്ന ചിന്തകളെ അവയുടെ പാട്ടിനുവിടുക. അടിച്ചുയരുന്ന തിരമാലകൾ മെല്ലെയടങ്ങി അകം ശാന്തമാകും. ഉള്ളൊഴിയും. ആ ഒഴിവിലേക്ക് നിറവൊഴുകിയെത്തും. തുറന്നിട്ട ജാലകത്തിലൂടെയെത്തുന്ന തെന്നലിനെപ്പോലെ അതുവരും. പിടിച്ചുനിർത്താൻ ശ്രമിക്കാതെ അതിനോടൊപ്പം ഇരുന്നുകൊടുക്കുക. കടന്നുപോയാലും വീണ്ടുമത് വരാതിരിക്കില്ലെന്നറിയുക.

## പോസ്റ്റ് കാർഡ്

### സ്നേഹപൂർവ്വം ലിമക്ക്...

ഒരു സുഹൃത്തിന്റെ ഓഫീസിൽ നിന്നാണ് മാസിക കണ്ടത്. മറിച്ചു നോക്കുമ്പോൾ ചെറുതല്ലാത്ത ഒത്തിര കാര്യങ്ങൾ. ജീവിക്കാൻ പ്രേരിപ്പിക്കുന്ന അനുഭവകഥകൾ. ഇക്കോ-ഫ്രൺ്റിയായ കാഴ്ചപ്പാടുകൾ, പിന്നെ ഹൃദയത്തോടു സംവദിക്കുന്ന ലളിതമായ ഭാഷയും. വായന തുടരുന്നു.

**-ആശാലക്ഷ്മി.എസ്, നടക്കാവ്**

### *ഇടക്കെഴുതൂ, വിളിക്കൂ...*

നിങ്ങളെപ്പോലെ- നിശ്ശബ്ദരെങ്കിലും ഗൗരവമുള്ള വായനക്കാരാണ് ലിറ്റിൽ മാസികയുടെ ജീവൻ. അവർ അധികമൊന്നും പറയാതെ, ജീവിതത്തിലെ ചെറിയ നിമിഷങ്ങൾ കൊണ്ട് മാസികയിലെ ഉള്ളടക്കത്തോട് പ്രതികരിക്കുന്നു. ഏറ്റവും പ്രിയപ്പെട്ട സുഹൃത്തിന് മാസിക പരിചയപ്പെടുത്തുന്നു. ഒഴിവുനേരത്ത് മണ്ണിലിറങ്ങുന്നു. വെറുതെയിരിപ്പിന്റെ ആനന്ദം അറിയുന്നു. ചെറിയ വീടുണ്ടാക്കുന്നു. പാട്ടു കേൾക്കുന്നു. അയൽവീട്ടിലേക്ക് ആഹാരം പകരുന്നു. ഊഷ്മളമായ അടുപ്പവും കരുതലും സൗഹൃദവും പകരുന്നു. ചെറിയ ജീവികളെയും നിസ്സാരരായ മനുഷ്യരെയും പരിഗണിക്കുന്നു. പുതിയ ഒരു ജീവിതത്തെ കുറിച്ച് ആലോചിക്കുന്നു. ***നിങ്ങളുടെ അകലെ നിന്നുള്ള ഈ നേർത്ത സ്പർശമാണ് മാസികയെ നിലനിർത്തുന്നത്.*** ഇടക്കെഴുതൂ, വിളിക്കൂ....വിലാസം: ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ., മലപ്പുറം, ഫോൺ:

മൃഗപക്ഷം

# ഉത്സവങ്ങളും മൃഗങ്ങളും

**ഡേവീസ് വളർക്കാവ്**

മലയാളികളായ നമ്മുടെ പ്രധാന ഉത്സവങ്ങൾ തെയ്യവും തിറയും മുത്തപ്പനും കളമെഴുത്തും, തേരും, പെരുന്നാളുകളും നേർച്ചകളുമാണല്ലോ. പിന്നെ പൂരവും കുതിരവേലയും കാളകെട്ടും പോത്തോട്ടവും ഉണ്ട്.

ഇതിൽ പലതിലും ഇതര ജീവജാതികൾക്ക് പ്രധാന സ്ഥാനമുണ്ട്. മൃഗങ്ങൾ ഉത്സവത്തിന്റെ ഭാഗമായി വരുന്നതാണ് ആഴത്തിലുള്ള സാംസ്കാരികോത്സവങ്ങൾ. പൂരത്തിന് ആന നിർബന്ധമാണ്. ആനയില്ലാത്ത പൂരം ആലോചിക്കാനാവാത്തതാണ് പൂരപ്രേമികൾക്ക്. അലങ്കരിച്ചണിയിച്ച ആനകൾ പൂരത്തിന്റെ സവിശേഷതയാണ്. കാളകളിയെന്ന് പരിഹസിച്ച് വിളിക്കുന്ന 'കാളകെട്ടിൽ' കൃഷിപ്പണിക്കു സഹായിയായ മൃഗത്തെയാണ് രൂപം കെട്ടി എഴുന്നള്ളിക്കുന്നത്. കാളയുടെ മുൻകാലുകൾ മടക്കിയുള്ള ഇരിപ്പ് അനുകരിച്ചുള്ള ചലനങ്ങളും ചുവടുകളും ഈ സഹായിയെ വാഴ്ത്തുന്ന പാട്ടുകളും കാളകെട്ടിന്റെ പ്രത്യേകതയാണ്.

കുതിരവേലയിൽ പേരുപോലെ കുതിരയുടെ രൂപം വലുത് മെനഞ്ഞെടുത്ത് ഒരുപാടുപേർ ചേർന്ന് തോളിലേറ്റിയുള്ള നൃത്തമാണ്. ചാട്ടമാണിതിൽ ഒരു പ്രത്യേകത. കുതിരയേപ്പോലെ വേലവരവിന്റെ വേഗതയും നമ്മെ വിസ്മയിപ്പിക്കും.

പോത്തോട്ട മഹോത്സവം, പോത്തോട്ടോണം എന്നൊക്കെ പല പേരുകളിൽ അറിയപ്പെടുന്ന ആഘോഷം ഒന്നു കാണേണ്ടതു തന്നെയാണ്. പോത്തിന്റെ കായിക ശക്തിയെ ത്രസിപ്പിച്ച് മണ്ണിൽ, വയലിൽ പായിക്കുന്നതാണിതിന്റെ പ്രത്യേകത. ഊർവ്വരതാ സങ്കൽപത്തിൽ പ്രകൃതി-ഭൂമി സ്ത്രൈണ ഭാവമാണ്. വിത്ത് വിതക്കുന്നതിനു മുമ്പാണ് പോത്തോട്ടം. സ്ത്രീപുരുഷ സംയോഗം, പ്രജനനം ഇവപോലെ പുരുഷഭാവത്തിൽ പോത്ത് മണ്ണിൽ വേഴ്ച നടത്തുന്നു. ശേഷം വിത്തിറക്കുന്നു. വിള സമൃദ്ധി നേടുന്നു. മൃഗീയമായ ശക്തിയെ ഉണർത്തിയാണിത് ചെയ്യുന്നത്. മനുഷ്യരിലും ഇത് തന്നെയാണ് സൃഷ്ടിക്ക് നിദാനം. പോത്തോട്ടോണത്തിന്റെ ആന്തരാർത്ഥം പലരും മനസ്സിലാക്കിയിട്ടില്ല.

ഗ്രാമ്യമായ അനുഷ്ഠാനങ്ങൾ മിക്കവാറും കൃഷിയുമായി ബന്ധപ്പെട്ടാണ്. ആദിദ്രാവിഡരാണ് ഈ മണ്ണിന്റെ മക്കളും, നമ്മെ ഊട്ടിക്കൊണ്ടിരുന്നവരും. അനുഷ്ഠാനത്തിന്റെ പൊരുളറിയാത്തവർ ഇത് അനിമൽ പ്ലേയായി കാണാൻ തുടങ്ങി. കൃഷിയും സംസ്കാരവും കലയും നശിച്ചു ഒപ്പം കൂട്ടായ്മയും ജീവിതാവസ്ഥയും.

കാട്ടുമൃഗങ്ങളെ കൊണ്ടുവന്ന് പീഡിപ്പിച്ച് നടത്തുന്ന പൂരങ്ങൾ സമീപകാലത്താണ് മാന്യമായത്. അതും ചില മേലാളൻമാർക്ക് മാത്രമായതായിരുന്നു. അതിനുമെത്രയോ മുമ്പ് ഗ്രാമങ്ങളിൽ നിലനിന്നു വരുന്നതാണ് കാളകെട്ടും കുതിരവേലയും പോത്തോട്ടോണവും! കായികാദ്ധ്വാനികളുടെ ജീവിതത്തിൽ കലകളിൽ സംസ്കാരങ്ങളിൽ മാറ്റി നിർത്താത്തതാണ് മൃഗപക്ഷം. രക്തം ചിന്താത്ത ആഹ്ലാദത്തിന്റെ പൈതൃകമാണ് ഈ കലകൾക്ക്.

*ഡേവീസ് വളർക്കാവ് 9895148998*

RN67322 /94
Postal Reg.No.KL/MJI/82/2012-15 **Little Masika** Date of Publication:08-12-201[redacted] Rs.10/




ഫോട്ടോ - എ. പി. ഇസ്മായീൽ

Prepare to do small things...
subscribe to Little Masika




Edited,Printed, Published and Owned by Biju John (Responsible for selection of news under the